മി. സ്പീക്കർ: ഓർഡർ......ഓർഡർ.......... ചോദ്യം നമ്പർ (*241)

പൊതുമരാമത്ത് വകുപ്പിന്റെ നവീന സാങ്കേതിക വിദ്യകളും നിർമ്മാണരീതിയും

1 (*241) ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. എം. നൗഷാദ്:
ശ്രീ. എസ്. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പരിസ്ഥിതി സൗഹൃദമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നവീന സാങ്കേതിക വിദ്യകളും നിർമ്മാണരീതിയും എന്തെല്ലാമാണ്;

(ബി) വകുപ്പിലെ അഴിമതിയും കെടുകാര്യസ്ഥതയും അവസാനിപ്പിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) തകർന്ന് കിടക്കുന്ന റോഡുകൾ സത്വരമായി നവീകരിച്ച് ഗതാഗത യോഗ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പാട്ടത്തിനു നൽകുകയും പിന്നീട് അന്യാധീനപ്പെടുകയും ചെയ്ത കുറ്റാലം, മൂന്നാർ, ആലുവ എന്നിവിടങ്ങളിലെ റസ്റ്റ് ഹൗസുകൾ തിരികെ പിടിക്കാനുള്ള ശ്രമം ഫലം കണ്ടിട്ടുണ്ടോ എന്നറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ,

(എ) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഓൺലൈൻ സമ്പ്രദായമായ PRICE (Project Information and Cost Estimate) നടപ്പിലാക്കിയിട്ടുണ്ട്. ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇ-പേയ്മെന്റും ഇ-ഫയലിംഗും നടപ്പിലാക്കാൻ പോവുകയാണ്. Ministry of Road Transport and Highways (MoRTH) Specification പ്രകാരമുള്ള പ്രവൃത്തികൾ നടപ്പിലാക്കിയതുവഴി പ്രവൃത്തികളെ കൂടുതൽ മെച്ചപ്പെടുത്താനും സഹായിച്ചിട്ടുണ്ട്. പരിസ്ഥിതി വിഭാഗം രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നമ്മുടെ റോഡുകളിലും പാലങ്ങളിലും NRMB (Natural Rubberised Modified Bitumen) ഉപയോഗിച്ച് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. വേസ്റ്റ് പ്ലാസ്റ്റിക്കിനെ ഷ്രെഡഡ് പ്ലാസ്റ്റിക്കാക്കി ഉപയോഗിക്കുന്നുണ്ട്. റോഡിന്റെ അടിസ്ഥാനത്തിന് ആവശ്യമായ ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുവരുന്നു. കേന്ദ്ര ഗവൺമെന്റ് പരിസ്ഥിതി സൗഹൃദമാക്കുന്നതിനുവേണ്ടി കേന്ദ്ര ഭരണ പ്രദേശങ്ങളിലുള്ള റോഡുകളിൽ 10 കി.മീ. പരീക്ഷണാടിസ്ഥാനത്തിൽ വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിക്കാൻ അറിയിപ്പ് നൽകിയിട്ടുണ്ട്. കേരളത്തിൽ നേരത്തെതന്നെ ആരംഭിച്ചുകഴിഞ്ഞു. അത് ഹൈവേയിലും പരീക്ഷിക്കുന്നതായിരിക്കും. ഈ ഗവൺമെന്റ് നടപ്പിലാക്കിയ ഏറ്റവും

പ്രധാനപ്പെട്ടൊരു നടപടി, അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ദേശീയ പാതയുടെ ഉപരിതലം പൊളിച്ച് നിർമ്മിക്കുകയെന്നതാണ്. അത് ഇന്ത്യയിൽ രണ്ട് സ്ഥലങ്ങളിൽ മാത്രമേ ഇപ്പോൾ ചെയ്തിട്ടുള്ളൂ. അതൊന്നും ദേശീയപാതയിലല്ല. കേരളത്തിൽ ഇത് ആദ്യമായിട്ടാണ്. പാതിരാപ്പള്ളി മുതൽ പുറക്കാട് വരെയുള്ള 21 കി. മീ. സ്ഥലം ഏറ്റവും കൂടുതൽ റോഡ് വേഗം തകരുന്നൊരു സ്ഥലമായിരുന്നു. അവിടെ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് പ്രോഗ്രാം ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. മഴയായതുകൊണ്ട് തൽക്കാലം നിർത്തിവച്ചു. ഈ സാങ്കേതിക വിദ്യ നിലവിലുള്ള റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അതേസമയത്തുതന്നെ മെറ്റീരിയൽ പാകപ്പെടുത്തി അവിടെ നിക്ഷേപിക്കുകയും അപ്പോൾതന്നെ റോഡ് നിർമ്മിച്ചുവരികയും ചെയ്യുന്ന വളരെ വിജയകരമായൊരു പദ്ധതിയാണ്. ധാരാളം ജനങ്ങളെ ആകർഷിച്ച കാര്യമാണ്. ശബ്ദമില്ല, പുകയില്ല, ലോറികളിൽ സാധനം കൊണ്ടുവരേണ്ട; അങ്ങനെയുള്ള സാങ്കേതികവിദ്യയാണ്. ബിറ്റുമിനും സിമന്റുമെല്ലാം തരാതരം ചേർത്ത് ഉപരിതലം നിർമ്മിക്കുകയാണ് ചെയ്യുന്നത്. ജർമ്മൻ മെഷീനാണ് ഇതിന് ഉപയോഗിക്കുന്നത്. 10 കോടി രൂപ വിലയുള്ള ജർമ്മൻ മെഷീൻ കോൺട്രാക്ടർ ഇറക്കുമതി ചെയ്താണ് ഈ പണി ചെയ്തുകൊണ്ടിരിക്കുന്നത്. കൂടാതെ

പഴയ രൂപത്തിലുള്ള ആർ.സി.സി. റീടെയിനിംഗ് വാൾ തുടങ്ങിയവയ്ക്ക് പകരം ജിയോ ടെക്സ്റ്റൈൽസ്, ആർ. ഇ. പാനൽസ് എന്നിവ ഉപയോഗിച്ചുവരുന്നു.

(ബി) ക്വാളിറ്റി ഓഡിറ്റിംഗ് നിലവിൽ കൊണ്ടുവന്നിട്ടുണ്ട്. ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം ഉറപ്പാക്കിവരുന്നു. വളരെയേറെ മോശമായ തരത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. അത് കുറെയേറെ മെച്ചപ്പെടുത്തിവരുകയാണ്. പി.ഡബ്ല്യു.ഡി. വിജിലൻസിനെ പുനഃസംഘടിപ്പിക്കുകയും കാര്യക്ഷമമായി പ്രവർത്തിച്ചുവരികയുമാണ്. ആദ്യമായിട്ടാണ് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയത്. അത് വ്യാപകമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോലതന്നെ മെയിന്റനൻസിന് ഇന്ത്യയിൽ ആദ്യമായി ഒരു ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു മെയിന്റനൻസ് വിംഗ് ക്യാബിനറ്റ് അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഒരു അസംബ്ലി മണ്ഡലത്തിൽ ഒരു എ.ഇ.ഇ.-യെ (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) വച്ച് 144 എ.ഇ.ഇ.-മാരെ ഇതിനുവേണ്ടി നിയമിക്കുന്നുണ്ട്. റോഡുകൾ പണിയുമ്പോൾത്തന്നെ പ്രത്യേകം പരിശോധിക്കാനും റോഡുകൾ പണിഞ്ഞുകഴിഞ്ഞാൽ അതിന്റെ ഉറപ്പ് നിലനിൽക്കുമെന്ന് ഉറപ്പുവരുത്താനുമുള്ള മെയിന്റനൻസ് വിംഗ് അവരുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

Two-tier Quality Control System നിലവിൽ വന്നിട്ടുണ്ട്. അതുപോലതന്നെ എല്ലാ എഞ്ചിനീയർമാരുടെയും സൂപ്പർവൈസർമാരുടെയും കഴിഞ്ഞ ഒരു വർഷക്കാലത്തെ അവരുടെ ഉത്തരവാദിത്വം നിർവ്വഹിച്ചോയെന്ന് പരിശോധിക്കാനുള്ള ആഭ്യന്തരമായിട്ടുള്ള പരിശോധനയും റിപ്പോർട്ടും ഉണ്ടായിരിക്കുന്നതാണ്. പി.ഡബ്ല്യു.ഡി.-യുടെ ഡിസൈൻ വിഭാഗത്തെ ശക്തിപ്പെടുത്താൻ എറണാകുളത്തും കോഴിക്കോട്ടും ഓരോ മേഖലാ ഓഫീസുകൾ ആരംഭിക്കുവാൻ ക്യാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ട്. അത് ഉടൻതന്നെ നടപ്പിൽ വരുന്നതാണ്. അതുപോലെ സി.ടി.ഇ. (ചീഫ് ടെക്നിക്കൽ എക്സാമിനർ) യുടെ പ്രവർത്തനവും ശക്തിപ്പെടുത്തുന്നതാണ്.

(സി) തകർന്നുകിടക്കുന്ന റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടി 286 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഓരോ അംസബ്ലി മണ്ഡലത്തിലെയും റോഡുകളുടെ ദൈർഘ്യംകൂടി കണക്കിലെടുത്താണ് അനുവദിച്ചിട്ടുള്ളത്. ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ വ്യത്യാസമില്ലാതെ കേരളത്തിൽ എല്ലായിടത്തും അറ്റകുറ്റപ്പണി നടത്താനുള്ള പണം അനുവദിച്ചിട്ടുണ്ട്. മഴ മാറിയിട്ടില്ല. അതിലേയ്ക്ക് നമ്മൾ നീങ്ങാൻ പോവുകയാണ്.

(ഡി) കുറ്റാലം റസ്റ്റ്ഹൗസ് പാട്ടത്തിനു നൽകിയിട്ടില്ല. അതിന്റെ നടത്തിപ്പിൽ

ഒരുപാട് അപാകതകളുണ്ട്. അത് തമിഴ്നാട്ടിലാണെന്നുള്ളത് പറയേണ്ട കാര്യമില്ല. അത് മെച്ചപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലതന്നെ മൂന്നാർ, ആലുവ റസ്റ്റ് ഹൗസുകൾ മുമ്പ് വാടകയ്ക്ക് കൊടുത്തതാണ്. വാടകയ്ക്ക് കൊടുത്ത വൈക്കം ഗസ്റ്റ് ഹൗസൊക്കെ തിരിച്ച് കിട്ടിയിട്ടുണ്ട്. അവിടെ ചില പ്രശ്നങ്ങളൊക്കെയുണ്ട്. അതിന്മേൽ കോടതിയിൽ കേസ്സുണ്ട്. കേസ് നിയമാനുസൃതം നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെ മൊത്തത്തിൽ ശ്രീ. പിണറായി ഗവൺമെന്റ് വന്നശേഷം അടിസ്ഥാന സൗകര്യ വികസനവും പൊതുമരാമത്ത് റോഡുകളുടെയും പാലങ്ങളുടെയും കെട്ടിടങ്ങളുടെയും പ്രവർത്തനത്തിൽ മാറ്റം വന്നിട്ടുണ്ട്. "പുതിയ കാലം, പുതിയ നിർമ്മാണം" എന്ന മുദ്രാവാക്യമാണ് മുന്നോട്ടുവച്ചിട്ടുള്ളത്.

<u>ശ്രീമതി യു. പ്രതിഭ ഹരി</u> : സർ, ഒരുകാലത്ത് പൊതുമരാമത്ത് വകുപ്പ് കെടുകാര്യസ്ഥതയുടെയും അഴിമതിയുടെയും മുഖമുദ്രയായിരുന്നു. എന്നാൽ അവിടത്തെ നടപ്പ് ശീലങ്ങളെ തിരുത്തിക്കൊണ്ട് പൊതുമരാമത്ത് വകുപ്പിൽ പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് അഴിമതിക്കെതിരെയുള്ള ശക്തമായ നിലപാടെടുത്ത്, പുതിയ നിർമ്മാണ സംസ്കാരം കേരളത്തിൽ കൊണ്ടുവന്നതിന് പൊതുമരാമത്ത് വകുപ്പുമന്ത്രിയേയും ഗവൺമെന്റിനേയും പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ടൊരു പാതയാണ്

ശബരിമല തീർത്ഥാടകർപോലും ഉപയോഗിക്കുന്ന മലയോര മേഖലയേയും തീരദേശത്തേയും ബന്ധിപ്പിക്കുന്ന അമ്പലപ്പുഴ - തിരുവല്ല പാലം. കഴിഞ്ഞ ആറ് വർഷക്കാലമായിട്ടുള്ള ജനങ്ങളുടെ ദുരിതത്തിന് അറുതി വരുത്താനായി 69 കോടി രൂപ മുടക്കി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അതിന്റെ നിർമ്മാണ പ്രവർത്തനത്തിനുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഊരാളുങ്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് ആ വർക്ക് ഏറ്റെടുത്തിരിക്കുന്നത്. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ആ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. ഇപ്പോൾ അതിനുതാഴെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ വന്നിട്ടുണ്ട്. വലിയ അഴിമതി അവിടെ നടന്നിട്ടുണ്ടെന്നാണ് പറയുന്നത്. ആ രൂപത്തിൽ അവിടെയൊരു അന്വേഷണം നടത്തിക്കൊണ്ട്, അവിടെ ഇട്ടിരിക്കുന്ന പൈപ്പ് പൊട്ടാതെ ഏറ്റവും നല്ലരീതിയിൽ നടത്തുന്ന റോഡ് ഭംഗിയായി പൂർത്തീകരിച്ച് ജനങ്ങൾക്ക് നൽകാനായി അങ്ങ് ഇടപെടുമോ?

<u>ശ്രീ. ജി. സുധാകരൻ</u> : സർ, മാതൃകാ റോഡാക്കാൻ വേണ്ടി കിഫ്ബിയുടെ സഹായത്തോടുകൂടി സംസ്ഥാനത്തെ ക്യാബിനറ്റ് ആദ്യമായെടുത്ത ഒരു റോഡാണ് അമ്പലപ്പുഴ-തിരുവല്ല റോഡ്. ശബരിമല സീസൺകാലത്താണ് അതെടുത്തത്.

അതിന്റെ വർക്ക് പ്രസിദ്ധമായ ഊരാളുങ്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് ചെയ്യുന്നത്. അവർ ഇപ്പോൾ അതിന്റെ വർക്ക് ചെയ്തുവരികയാണ്. അവിടെ ആധുനിക സാങ്കേതിക വിദ്യകൾ നാലും ഉപയോഗിക്കുന്നുണ്ട്. കുട്ടനാടെന്നു പറയുന്നത് അധികവും ചെളിയാണ്. പെട്ടെന്നുതന്നെ റോഡ് താഴ്ന്നുപോകാറുണ്ട്. ആയതിനാൽ അവിടെ ജിയോ ടെക്സ്റ്റയിൽസ്, സ്വാഭാവിക റബ്ബർ, ഷ്രെഡഡ് വേസ്റ്റ് പ്ലാസ്റ്റിക്, സിമെന്റ്, ടൈൽസ് തുടങ്ങിയവ ഉപയോഗിക്കുന്നുണ്ട്. ഇതെല്ലാം ഉപയോഗിച്ച് 69 കോടി രൂപയുടെ ഒരു ആധുനിക റോഡ് നിർമ്മിച്ചുവരികയാണ്. ആ നിർമ്മാണത്തെ തടസ്സപ്പെടുത്തുന്നതിനുവേണ്ടി സാധാരണഗതിയിൽ ശരിയല്ലാത്ത രീതിയിൽ പോകുന്ന കരാറുകാരുടെ സംഘം (46 കരാറുകാർ) ഹൈക്കോടതിയിൽ പോകുകയും പ്രോപ്പറായി നമ്മുടെ കാര്യം അവിടെ പറയാൻ ആ ദിവസം കഴിയാതെ വന്നതിനാൽ സ്റ്റേ അനുവദിക്കുകയും പിന്നീട് ഡിപ്പാർട്ട്മെന്റ് ഇടപെട്ട് സ്റ്റേ നീക്കുകയും ചെയ്തു. രണ്ടാമത് കോടതി നിർദ്ദേശപ്രകാരം അവർക്കുതന്നെ വർക്ക് കൊടുക്കുകയും അത് നല്ല രീതിയിൽ ചെയ്തുവരികയുമാണ്. വാട്ടർ പൈപ്പിന്റെ കാര്യം എല്ലായിടത്തും പ്രശ്നമാണ്. അവിടെ വെള്ളം കൊടുക്കാതിരിക്കാൻ കഴിയില്ല. കുറെ പ്രശ്നങ്ങൾ ഇപ്പോഴും ബാക്കിയുണ്ട്. റോഡിന്റെ രണ്ട് സൈഡിലും പൈപ്പ്

ഇടണമെന്നുള്ളതാണ്. തീർച്ചയായും ഇത്രയും വലിയ മൂല്യമുള്ള റോഡ് നിർമ്മിക്കുമ്പോൾ പി.ഡബ്ല്യു.ഡി.-യും ഇറിഗേഷൻ വകുപ്പും യോജിച്ചാണ് അവിടെ പൈപ്പ് ഇടുന്നത്. ശ്രീ. മാത്യു ടി. തോമസും ഞാനുംകൂടി ചേർന്ന് ധാരാളം തീരുമാനങ്ങളെടുത്തിട്ടുണ്ട്. ആ തീരുമാനങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ ഒരു പ്രശ്നവുമില്ല. അതെപ്പോഴും ഗവൺമെന്റിന്റെ ശ്രദ്ധയിൽത്തന്നെയുണ്ട്. ഖജനാവിൽനിന്നുള്ള പണം ഉപയോഗിച്ചാണ് ഗവൺമെന്റ് റോഡുകൾ നിർമ്മിക്കുന്നത്. അത് അതിന്റെ കാലത്തോളം നിലനിൽക്കണം. അതിന് സഹായകരമായിട്ടുള്ള പരസ്പര ധാരണകൾ എല്ലായിടത്തുനിന്നും ഉണ്ടാകണം. തിരുവല്ല - അമ്പലപ്പുഴ റോഡ് ഒരു മാതൃക റോഡാണ്. ഇതിനെതിരായി പത്തനംതിട്ടയിൽ തെറ്റായ കാമ്പയിൻ നടന്നു. എന്നിട്ട് പത്രത്തിൽ എഴുതി, ഇത് അമ്പലപ്പുഴയ്ക്കിലാണെന്ന്. അമ്പലപ്പുഴയിൽ ഈ റോഡ് 5 കി. മീ. മാത്രമേയുള്ളൂ. ബാക്കി കുട്ടനാട്ടിലും തിരുവല്ലയിലുമാണ്. ഈ നിർമ്മാണം നടത്തുന്ന ഊരാളുങ്കൽ സൊസൈറ്റി ആർക്കും പത്തുപൈസ കൈക്കൂലി കൊടുക്കില്ല. അവരെ വിലയ്ക്കെടുക്കാൻ കഴിയില്ല. അക്കാര്യങ്ങളൊക്കെ എല്ലാർക്കും അറിയാമല്ലോ. ഞാൻ പറയേണ്ടതില്ല. ആ പ്രവർത്തനം തടസ്സപ്പെടുത്താൻ പത്രവാർത്തകൊടുക്കുകയാണ്. 5 കി. മീ. മാത്രമേ അമ്പലപ്പുഴയുള്ളൂ.

അമ്പലപ്പുഴയെന്താ മോശപ്പെട്ട സ്ഥലമാണോ? തിരുവല്ല കെ.എസ്.ടി.പി. എടുക്കാത്ത സ്ഥലമടക്കം ചെയ്യുകയാണ്. അപ്പോൾ തെറ്റായ പത്രവാർത്ത കൊടുത്ത് ഇത്തരം നൂതനമായ നിർമ്മാണ പ്രവൃത്തികളെ തടസ്സപ്പെടുത്തി കേരളത്തിനെ ഇരുപത്തൊന്നാം നൂറ്റാണ്ടിലേയ്ക്ക് പോകാനുള്ള മാർഗ്ഗങ്ങളെ തടയുന്നത് ദയവായി മാധ്യമപ്രവർത്തകർ അവസാനിപ്പിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീമതി യു. പ്രതിഭാ ഹരി</u>: സർ, ഏകദേശം 386 കോടി രൂപയുടെ അറ്റകുറ്റപ്പണികൾ ഇപ്പോൾ കേരളത്തിൽ പൂർത്തിയായിട്ടുണ്ട്. മൂന്നുവർഷക്കാലംകൊണ്ട് ഇന്ത്യയിൽ ഏറ്റവും മികച്ച റോഡുകളുള്ള സംസ്ഥാനമായി കേരളം മാറുമെന്ന കാര്യത്തിൽ നമുക്കാർക്കും സംശയവുമില്ല. പക്ഷെ റോഡിന്റെ സൈഡുകളിലുള്ള അനധികൃത പാർക്കിംഗ് ഉൾപ്പെടെയുള്ള ഒട്ടനവധി പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. കേരളത്തിൽ ഇതുവരെ റ്റോയിംഗ് മെഷീൻസ് നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പൊതുമരാമത്ത് വകുപ്പ് ട്രാഫിക്കുമായി ബന്ധപ്പെട്ട് റ്റോയിംഗ് വെഹിക്കിൾ ഇറക്കിക്കൊണ്ട് അത്തരം കാര്യങ്ങളിൽ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, വളരെ നല്ലൊരു നിർദ്ദേശമാണ്. പിണറായി ഗവൺമെന്റ് വന്നശേഷം കഴിഞ്ഞ വർഷമെടുത്ത തീരുമാനം പാർലമെന്റ്

പാസ്സാക്കിയ ദേശീയപാത നിയമം നടപ്പിലാക്കുകയെന്നതാണ്. അതിവിടെ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചുകഴിഞ്ഞു. പക്ഷെ ഞാനത് കാര്യമായി എൻഫോഴ്സ് ചെയ്തിട്ടില്ല. കാരണം നടപ്പിലാക്കി കഴിഞ്ഞാൽ റോഡിൽ അനാവശ്യമായി വാഹനം പാർക്ക് ചെയ്യാൻ സാധിക്കുകയില്ല; ആവശ്യത്തിനാകാം. അതുപോലെ ഒരു കച്ചവടവും നടത്താൻ പറ്റില്ല. റോഡ് സഞ്ചരിക്കാനുള്ളതാണ്, കച്ചവടത്തിനുള്ളതല്ല. പലരും പറയുന്നത് റോഡ് കച്ചവടം നടത്തുന്നതിനുകൂടിയുള്ളതാണ് എന്നാണ്. പെട്ടെന്ന് ഇത് നടപ്പിലാക്കാൻ സാധിക്കില്ല. റ്റോയിംഗ് മെഷീനടക്കം പരിശോധിച്ചുകൊണ്ട് സാമൂഹ്യവും രാഷ്ട്രീയവുമായ തീരുമാനം കേരളത്തിൽ കൊണ്ടുവന്നുകൊണ്ട്, സഞ്ചരിക്കാനുള്ള റോഡ് സഞ്ചരിക്കാൻ കൊടുക്കുകയും അപകടങ്ങളൊഴിവാക്കിയും ഖജനാവിൽനിന്നും മുടക്കുന്ന പണം ജനങ്ങൾക്ക് മൊത്തം അനുഭവവേദ്യമാകാനും കുറച്ച് പേർക്ക് മാത്രമായി അത് സൗകര്യപ്പെടാതിരിക്കാനുമുള്ള പൊതുതാല്പര്യപ്രകാരമുള്ള നടപടികൾ തീർച്ചയായും സ്വീകരിക്കും. റ്റോയിംഗ് മെഷീന്റെ കാര്യവും പരിഗണിക്കുന്നതാണ്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, പരിസ്ഥിതി സൗഹൃദമായ റോഡ് എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? റോഡ് നിർമ്മാണമെന്നുപറഞ്ഞാൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് മാത്രമാണോ;

റോഡരികിലുള്ള മരങ്ങളെല്ലാം വെട്ടിമാറ്റലാണ് ആദ്യമായി ചെയ്യുന്നത്. അത് അനിവാര്യമാണെന്നാണ് പറയുന്നത്. വെട്ടിമാറ്റുന്ന മരങ്ങൾക്ക് പകരം വേറെ മരങ്ങൾ വച്ചുപിടിപ്പിക്കുമോ; പരിസ്ഥിതി സൗഹൃദ റോഡ് എന്നുള്ളത് ഹരിതറോഡുകൾ എന്ന സങ്കൽപ്പത്തിലേയ്ക്ക് വികസിപ്പിക്കാൻ പറ്റുമോ; അതിനെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. ജി. സുധാകരൻ: സർ, പരിസ്ഥിതി സൗഹൃദ റോഡ് എന്നുള്ളത് കേരളസംസ്ഥാനത്തിന്റെ സാഹചര്യത്തിന് ഉതകുന്ന റോഡുകൾ എന്നാണ്. ഗ്രാമങ്ങളിൽക്കൂടിയാണ് റോഡുകൾ കൂടുതലും പോകുന്നത്. തീർച്ചയായും അതിനനുസരണമായ റോഡുകളാണുദ്ദേശിക്കുന്നത്. മഴവെള്ളം വീണാണ് റോഡുകൾ മുഴുവൻ കേടാകുന്നത്. ഈ റോഡിന്റെ സൈഡിൽനിൽക്കുന്ന മരങ്ങൾ നോക്കുകയാണെങ്കിൽ അതൊന്നും നമുക്ക് പ്രയോജനമുള്ള മരങ്ങളല്ല. ആലപ്പുഴയിലാണെങ്കിൽ മുഴുവൻ ശ്മശാന മരങ്ങളാണ്. ശ്മശാനത്തിൽ മാത്രം നിൽക്കേണ്ട മരങ്ങളാണ് നട്ടുപിടിപ്പിച്ചിരിക്കുന്നത്. മനുഷ്യൻ ചാകുന്നു. പരിസ്ഥിതി അതല്ല, മനോഹരമായ മരങ്ങൾ നട്ടുപിടിപ്പിക്കണം. പക്ഷെ, അതിനുള്ള ഒരു സാവകാശം കേരളത്തിനുണ്ടോ; ഒരു സിവിൽ സെൻസ് ഉണ്ടോ, അതുണ്ടാകണം. അപ്പോൾ പരിസ്ഥിതിയെന്നുപറഞ്ഞാൽ നടേണ്ട മരം നടുക.

നിൽക്കേണ്ട മരം നിൽക്കുക. ഒരു ഫലവുമില്ലാത്ത, ഒടിഞ്ഞുവീഴുന്ന, റോഡ് മുഴുവൻ തകർക്കുന്ന മരങ്ങൾ പരിസ്ഥിതി സൗഹൃദമല്ല. ഞാൻ ഉദ്ദേശിച്ചത് അതല്ല. റോഡിന് വീതി വേണമല്ലോ. ദേശീയപാത നാലുവരിയാക്കുമ്പോൾ കേന്ദ്രഗവൺമെന്റ് സമ്മതിക്കുകയാണെങ്കിൽ അതിന്റെ രണ്ടുവശവും മരങ്ങൾ വച്ചുപിടിപ്പിക്കാം. ഏതായാലും റോഡ് കാണാൻ നല്ല ഭംഗി വേണം. റോഡിന്റെ പ്രതലം മാത്രമല്ല ചുറ്റുപാടും ഭംഗിവേണം. എന്തുകൊണ്ടും സാർവ്വദേശീയമായിത്തന്നെ പരിസ്ഥിതി - സൗഹൃദ കാലമാണ്. അത് റോഡ് നിർമ്മാണത്തിൽ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്. കെട്ടിടങ്ങളിൽപ്പോലും ഗ്രീൻ കൺസെപ്റ്റാണിപ്പോൾ ഞങ്ങൾ ഫോളോചെയ്യുന്നത്. അതുകൊണ്ട് എല്ലാം നടന്നുവെന്നല്ല, പക്ഷെ നമ്മുടെ എൻജിനീയർമാരെ മാറ്റിയെടുക്കണം, ജനങ്ങളെ മാറ്റിയെടുക്കണം. ആ ഒരു കൺസെപ്റ്റാണ് നടപ്പിലാക്കാൻ ശ്രമിക്കുന്നത്.

ശ്രീ. എം. നൗഷാദ്: സർ, സംസ്ഥാനത്ത് റോഡുകളുടെയും പാലങ്ങളുടെയും സംരക്ഷണത്തിനുമാത്രമായി പൊതുമരാമത്ത് പുതുതായി രൂപീകരിച്ച റോഡ് മെയിന്റനൻസ് വിംഗ് (ആർ.എം.ഡബ്ല്യൂ.)-ന്റെ പ്രവർത്തനങ്ങളും അധികാരങ്ങളും വിശദീകരിക്കാമോ?

ശ്രീ. ജി. സുധാകരൻ: സർ, റോഡ് മെയിന്റനൻസിന് ഒരു ചീഫ്

എൻജിനീയറും ഒരു പ്രത്യേക വിഭാഗവും ഉണ്ട്. ഇത് അമേരിക്കൻ സ്റ്റേറ്റ്സ് ഉൾപ്പെടെയുള്ള പാശ്ചാത്യരാജ്യങ്ങളിലെ ഫലപ്രദമായ ഒരു തീരുമാനമാണ്. ഇത്തവണ നടപ്പിലാകുന്നുണ്ട്. നമ്മളത് മനസ്സിലാക്കി ഇവിടെ ക്യാബിനറ്റിൽ വയ്ക്കുകയും ക്യാബിനറ്റ് അംഗീകരിക്കുകയും ചെയ്തു. ചീഫ് എഞ്ചിനിയറെ അപ്പോയിന്റ് ചെയ്തിട്ടുണ്ട്. ഒരു അസംബ്ലി മണ്ഡലത്തിൽ ഒരു അസിസ്റ്റന്റ് എഞ്ചിനിയറെവീതം ഇക്കാര്യങ്ങൾ നോക്കാൻ പ്രത്യേകം നിയമിച്ചിട്ടുണ്ട്. പ്രോപ്പറായയാണോ നിർമ്മിക്കുന്നതെന്ന് റോഡ് നിർമ്മിക്കുമ്പോൾതന്നെ ഇവർ പ്രത്യേകം പരിശോധിക്കണം. റോഡ് നിർമ്മിച്ചുകഴിഞ്ഞാൽ അത് ശരിയായി തന്നെയാണോ നിർമ്മിച്ചതെന്ന് പരിശോധിക്കുകയും കാലാവധിക്കുള്ളിൽ പണി നടന്നോ, കേടുപാടുവന്നാൽ അതിനുത്തരവാദികളെ കണ്ടെത്തുകയും അത് അടപ്പിക്കുകയും വേണം. അങ്ങനെ ജനങ്ങളിൽനിന്ന് പരാതി വരാതെതന്നെ റോഡുകൾ നിർമ്മിച്ചും, റോഡുകൾ അടച്ചും പോകുന്നതിൽ നേതൃത്വം കൊടുക്കുന്ന ഒരു പ്രത്യേക വിംഗ് ആണ്. ഇത് വന്നാൽ വളരെ ഫലപ്രദമായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് നിലവിൽ വന്നിട്ടുണ്ട്.

ശ്രീ. എസ്. രാജേന്ദ്രനുവേണ്ടി <u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, പൊതുമരാമത്ത് വകുപ്പിൽ കാര്യക്ഷമത വർദ്ധിപ്പിക്കാൻ വേണ്ടി എനഞ്ചിനിയർമാർക്കും മറ്റ്

ജീവനക്കാർക്കും നടപ്പാക്കുന്ന സ്ഥിരം തുടർ പരിശീലന പദ്ധതി ഏതുവരെയെത്തിയിട്ടുണ്ട്, അതിനെ സംബന്ധിച്ച് വിശദമാക്കാമോ?

ശ്രീ. ജി. സുധാകരൻ: സർ, നമുക്ക് ഹൈവേ റിസർച്ച് സെന്ററൊക്കയുണ്ട്. അത് വളരെ പരിതാപകരമായ അവസ്ഥയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അത് മെച്ചപ്പെടുത്താനുള്ള പരിശ്രമങ്ങൾ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾത്തന്നെ ആരംഭിച്ചു. അഞ്ചുതവണ ദേശീയ നിലവാരത്തിലുള്ള വിദഗ്ധരെ പങ്കെടുപ്പിച്ച് വളരെ പ്രസിദ്ധവും പ്രയോജനപ്രദമായ മേഖലകളിൽ സെമിനാറുകളും ചർച്ചകളും വർക്ക്ഷോപ്പുകളും നടത്തി. ശബരിമല റോഡ് കഴിഞ്ഞതവണ ഏറ്റവും ഭംഗിയാക്കിയത് നല്ലൊരു വർക്ക്ഷോപ്പ് നടന്നതിന്റെ ഫലമായിട്ടാണ്. ഇത്തവണയും അത് നടത്തുന്നുണ്ട്. തീരദേശ ഹൈവേയും മലയോര ഹൈവേയും ഫലപ്രദമായി നടത്താൻ വർക്ക്ഷോപ്പിന് കഴിഞ്ഞു. ഇതെല്ലാം നടത്താൻ എഞ്ചിനിയർമാരെ നിരന്തരം ബോധവത്ക്കരിക്കണം. മതപരമായി നിങ്ങൾ വേറെയാണെങ്കിലും രാമായണം, ബൈബിൾ, ഖുറാൻ എന്നുപറയുന്നത് നിങ്ങളുടെ പി.ഡബ്ല്യൂ.ഡി. മാന്വലാണ്; അത് എല്ലാ ദിവസവും നിങ്ങൾ വായിക്കണമെന്ന് നമ്മൾ അവരോട് പറഞ്ഞുകൊണ്ടേയിരിക്കുകയാണ്. കുറേ നാൾ അത് വായിച്ചുകഴിയുമ്പോൾ പിന്നീട് അതിന്റെ ആവശ്യം വരുന്നില്ല. ഇപ്പോൾ അതിന്റെ

ആവശ്യമൊന്നുമില്ല, പൂർണ്ണമായ സ്വാതന്ത്ര്യമാണ്. ചെറുപ്പക്കാരായ, യുവതീ-യുവാക്കളായ എഞ്ചിനിയർമാർക്ക് പൂർണ്ണ സ്വാതന്ത്ര്യം കൊടുത്തിരിക്കുകയാണ്. അതിന്റെ ഫലമൊന്നും വേണ്ടത്ര വന്നിട്ടില്ലെങ്കിലും നല്ലൊരു രൂപത്തിൽ വരുന്നുണ്ട്. തീർച്ചയായിട്ടും ആ വിംഗ് നല്ല തരത്തിൽ പ്രവർത്തിക്കും.

മി. സ്പീക്കർ: ഒരുപാട് പേർ ഉപചോദ്യങ്ങൾ ചോദിച്ചിട്ടുണ്ട്. പെട്ടെന്ന് പെട്ടെന്ന് ചോദിച്ചാൽ എല്ലാപേർക്കും അവസരം കിട്ടും. 15-20 മിനിട്ടിൽ കൂടുതൽ ഒരു ചോദ്യത്തിന് സമയം ചെലവഴിക്കാൻ നിർവ്വാഹമില്ല.

ശ്രീ. ഹൈബി ഈഡൻ: സർ, എസ്റ്റിമേറ്റ് പ്രിപ്പയർ ചെയ്യുന്നതിൽ അപാകതകൾ വരുന്നുണ്ട്. ഹൈക്കോടതിയുടെ സമീപത്തുള്ള ഗോശ്രീ റോഡിനെക്കുറിച്ച് ഞാൻ താങ്കളോട് കഴിഞ്ഞ ദിവസം സൂചിപ്പിച്ചതാണ്. വേണ്ടത്ര ഡ്രെയിനേജ് നിർമ്മിക്കാതെ, എസ്റ്റിമേറ്റ് പ്രിപ്പയർ ചെയ്യുന്നതിൽ ചിലപ്പോൾ ആവശ്യത്തിന് പണം ഉണ്ടാവില്ല അല്ലെങ്കിൽ പണം അധികമായിരിക്കും. ഈ എസ്റ്റിമേറ്റ് പ്രിപ്പറേഷനിലുണ്ടാകുന്ന അപാകതകൾ പരിഹരിക്കാൻ ശാസ്ത്രീയമായ എന്തെങ്കിലും ഒരു രീതിയുണ്ടോ? ഇത് വലിയൊരു രീതിയിലുള്ള അഴിമതിയ്ക്കും വഴിവയ്ക്കുന്നുണ്ട്. ചില റോഡുകളിൽ ഡ്രെയിനില്ലാതെ എത്ര തവണ റോഡു പണിതാലും നിലനിൽക്കില്ല. കൂടുതൽ മരങ്ങളുള്ള റോഡുകളാണെങ്കിൽ അവിടെ

അതനുസരിച്ച് ടൈലിംഗോ മറ്റ് എന്തെങ്കിലും പുതിയ സാങ്കേതികവിദ്യയോ ഉപയോഗിക്കണം. അതിനുവേണ്ടി ശാസ്ത്രീയമായ എന്തെങ്കിലും പരിഷ്കാരങ്ങൾ വരുത്താനും അഴിമതി അവസാനിപ്പിക്കാനും എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇതിനുള്ള നടപടികൾ നിലവിൽവന്നു കഴിഞ്ഞു, അതിനാണ് PRICE (Project Information and Cost Estimate) നടപ്പിലായിരിക്കുന്നത്. എസ്റ്റിമേറ്റിനെ സംബന്ധിച്ചുള്ള വ്യക്തിപരമായ താല്പര്യങ്ങൾ മാറി വസ്തുനിഷ്ഠമായ തരത്തിലാണ് എസ്റ്റിമേറ്റ് വരുന്നത്, എങ്കിലും ചില പ്രശ്നങ്ങളുണ്ട്, അതെല്ലാം ചർച്ചചെയ്ത് പരിഹരിക്കാനുള്ള സമ്പ്രദായം സ്ഥാപിച്ചുകഴിഞ്ഞു.

ശ്രീ. എ. എം. ആരിഫ്: സർ, നിർമ്മാണരീതികളിൽ ധാരാളം നൂതന ആശയങ്ങൾ അങ്ങയുടെ വകുപ്പിൽ നിർവ്വഹിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ നിർമ്മാണത്തിന് ബലവും ഉറപ്പും കാലദൈർഘ്യവും എല്ലാ മേന്മകളും ഉണ്ടാകുന്നുണ്ട്. എന്നാൽ നമ്മുടെ റോഡുകളും വിദേശരാജ്യങ്ങളുടെ റോഡുകളും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ റോഡുകളുടെ മിനുസം മാത്രമല്ല ഇരുസൈഡുകളിലും, ശ്രീ. കെ. സുരേഷ് കുറുപ്പ് ചോദിച്ചതിന്റെ അനുബന്ധമായ ചോദ്യമാണ്. റോഡിന്റെ ഇരുസൈഡിലും വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, ടൈൽ പാകൽ, മനോഹരമായ

രീതിയിൽ shrubs വച്ചുപിടിപ്പിക്കൽ എന്നിവ ചെയ്താൽ ഒരു aesthetic ambiance നമുക്ക് കാണാൻ കഴിയും. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഇത്തരത്തിൽ അരൂർ മുതൽ വടക്കോട്ടുള്ള ഭാഗങ്ങളിൽ മീഡിയനും സൈഡുകളും വളരെ മനോഹരമായ നിലയിൽ നിർമ്മിച്ചിട്ടുണ്ട്. അത് കാണാൻ നല്ല ഭംഗിയാണ്. അങ്ങ് ഒരു കവിയും കാവ്യഭാവനയുള്ള ഒരാളുമാണ്. തീർച്ചയായിട്ടും ആ താളവും ലയവുമെല്ലാം അങ്ങയുടെ കാർമികത്വത്തിൽ നടക്കുന്ന നിർമ്മാണങ്ങളിലും പ്രതിഫലിക്കണം. അങ്ങും ടൂറിസം വകുപ്പുമായി സഹകരിച്ച് ഒരു പ്ലാൻ ഉണ്ടാക്കിയാൽ അത് യാഥാർത്ഥ്യമാക്കാൻ കഴിയും. അപ്രകാരമൊരു പ്രോജക്ട് ഞാൻ അരൂർ മണ്ഡലത്തിൽ സമർപ്പിച്ചിട്ടുണ്ട്. തീർച്ചയായും അതുംകൂടി പരിഗണിച്ച്, ഇത്തരത്തിൽ കാണാൻ ഭംഗിയുള്ള റോഡുകളാക്കി മാറ്റുന്നതിനുള്ള, പ്രകൃതിയുമായി ഇണങ്ങിചേരുന്ന റോഡുകളാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ആ കാര്യം പരിഗണിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട ടൂറിസ്റ്റ് മന്ത്രിയുമായി ചർച്ച നടത്താവുന്നതാണ്. ഇപ്പോൾ നാഷണൽ ഹൈവേ നാലുവരിയാക്കിയപ്പോഴാണ് എറുണാകുളത്തുനിന്നും വടക്കോട്ടുള്ള ഭാഗങ്ങൾ മനോഹരമാക്കിയിരിക്കുന്നത്. തെക്ക് ഭാഗങ്ങളിലും ആ റോഡ് വരുമ്പോൾ അതുപോലെതന്നെ ചെയ്യും. പി.ഡബ്ല്യൂ.ഡി. റോഡുകളിലും

അങ്ങനെതന്നെ ചെയ്യാം. കൊല്ലം കോർപ്പറേഷന്റെ ആവശ്യപ്രകാരം അവിടെ ചർച്ച നടത്തി, കോർപ്പറേഷൻ ഏരിയയിലുള്ള റോഡുകളും മറ്റും, ചിന്നക്കട റൗണ്ട് എന്നിവയും സൗന്ദര്യവത്ക്കരിക്കാനും അനുവാദം കൊടുത്തിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. കെ. എം. ഷാജി: സർ, സ്ഥലലഭ്യത നമ്മുടെ റോഡുകളുടെ സൗന്ദര്യവത്ക്കരണത്തിന് പ്രശ്നമാണ്. നേരത്തേ താങ്കൾ പറഞ്ഞതുപോലെ, ലഭ്യമായ സൗകര്യമനുസരിച്ച് റോഡുകളുടെ സൗന്ദര്യവത്ക്കരണം പ്രധാനമായി നടപ്പാക്കാം. തിരുവനന്തപുരം ഭാഗങ്ങൾ അതിനുദാഹരണമാണ്. ഇത്തരത്തിൽ കേരളത്തിലെ എല്ലാ നഗരങ്ങളിലും മാറ്റം വരുത്താനും ഒരു മണ്ഡലത്തിൽ ഒരു ഏരിയ എങ്കിലും മോഡൽ റോഡായി കൊണ്ടുവരാനുള്ള ശ്രമവും സഹായവും അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, തിരുവനന്തപുരം സിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം ഇപ്പോൾ പൂർത്തിയായിക്കഴിഞ്ഞു. കോഴിക്കോട് ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. ഒരു നഗരവികസനവും റോഡുവികസനവും നടക്കാത്ത ജില്ലയാണ് ആലപ്പുഴ. ആലപ്പുഴ ജില്ലയിൽ ടെൻഡർ നടപടികളിലേയ്ക്ക് പോകുകയാണ്. കൊല്ലം ജില്ലയിൽ ഇപ്പോൾ ടേക്കപ്പ് ചെയ്തിട്ടുണ്ട്. കണ്ണൂർ

ജില്ലയിലും എടുക്കുന്നുണ്ട്. എല്ലാ ജില്ലാ കേന്ദ്രങ്ങളും റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് റോഡ് ഫണ്ട് ബോർഡിൽ ചെയ്തുവരുകയാണ്. ഓരോ മണ്ഡലത്തിലെയും റോഡുകളെപ്പറ്റി പഠിച്ച് ആധുനികവത്ക്കരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അത് എല്ലാ നിലയിലും പൂർത്തിയാക്കുന്നതാണ്.

ശ്രീ. എൻ. വിജയൻ പിള്ള: സർ, ജി.എസ്.ടി. വന്നതിനുശേഷം പല കോൺട്രാക്ടർമാരും പല സ്ഥലങ്ങളിലും കോൺട്രാക്കെടുത്ത് എഗ്രിമെന്റവച്ച്, ടെണ്ടർ വിളിച്ച വർക്കുകളൊന്നും ചെയ്യുന്നില്ല. ജി.എസ്.ടി.-യുംകൂടി അതിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ കോൺട്രാക്ടർമാർ വർക്ക് ചെയ്യുകയില്ല എന്നൊരു സ്ഥിതിയാണുള്ളത്, പുനലൂരിൽ ഒരാൾ ആത്മഹത്യചെയ്യുകയുണ്ടായി. അതിനെന്തെങ്കിലും നടപടികൾ ഗവൺമെന്റിന് ചെയ്യാൻ കഴിയുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇറിഗേഷൻ കോൺട്രാക്ടർ ആത്മഹത്യചെയ്തത് ജി.എസ്.ടി വന്നതുകൊണ്ടല്ല. പണ്ടും ആത്മഹത്യ ചെയ്യാറാണ്ട്. പതിബൽ കമ്പനിയെന്നു പറയുന്ന ലോക പ്രസിദ്ധമായ ജാപ്പനീസ് കമ്പനിയുടെ ഉടമസ്ഥൻ ആത്മഹത്യ ചെയ്തില്ലേ? അദ്ദേഹമാണ് ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ പണി ചെയ്തത്. ബഹുമാനപ്പെട്ട അംഗം ചോദിച്ച ജി.എസ്.ടി.-യുടെ കാര്യം ധനകാര്യ

വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഇപ്പോൾ പരിഹാര മാർഗ്ഗങ്ങളിലേയ്ക്കാണ് പോകുന്നത്. എം.എൽ.എ. ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവ വന്നപ്പോൾ ഞാൻ എടുത്ത നിലപാട്, ഫണ്ടിൽനിന്നും അധികതുക നമ്മൾ കൊടുക്കും. ജി.എസ്.ടി. വന്നതുകൊണ്ട് കോൺട്രാക്ടർ വിഷമിക്കേണ്ട, ആ തുക അയാൾക്ക് കിട്ടുകയില്ല. നമ്മൾ ഫണ്ടിൽനിന്നും അധികതുക കൊടുക്കാം. ഖജനാവിലെ ബഡ്ജറ്റിൽ നിന്നുള്ള ഫണ്ട് ബഡ്ജറ്റുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന കാര്യങ്ങൾക്കെടുക്കാം; അത് എം.എൽ.എ.-മാർക്ക് ചെയ്യാവുന്നതാണ്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഒരു നിലപാട് സ്വീകരിക്കേണ്ടതായിട്ടുണ്ട്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, സ്വാഭാവികമായും പല ആളുകളും ലോ കോസ്റ്റിനാണ് വർക്ക് ഏറ്റെടുത്ത് ടെണ്ടർ ചെയ്യുന്നത്. അപ്പോൾ സംഭവിക്കുന്നത്, വർക്കെടുത്ത് കുറച്ചുദിവസം കഴിയുമ്പോൾ ഇവർ പിന്നീട് പണി തുടങ്ങാത്ത സാഹചര്യം ഉണ്ടാകുന്നുണ്ട്. പല കോൺട്രാക്ടർമാരും ലോ കോസ്റ്റിൽ വർക്ക് എടുത്തശേഷം, ഇത് ഞങ്ങൾക്ക് നഷ്ടമാണ്; വർക്ക് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നില്ല എന്ന് പറഞ്ഞ് പണി തുടങ്ങുകപോലും ചെയ്യാതെയും വർക്ക് പൂർത്തിയാക്കാതെയും കണ്ടുവരുന്നുണ്ട്. ഇതെങ്ങനെ നിയന്ത്രിക്കാൻ സാധിക്കും.

പലപ്പോഴും പല വർക്കുകളെയും ലാഗ്ചെയ്തുകൊണ്ടുപോയാൽ ഫണ്ടിന്റെ കാര്യത്തിൽ വലിയ പ്രശ്നമുണ്ടാകാറുണ്ട്. അതിനുള്ള പരിഹാരം കണ്ടെത്തിക്കൊണ്ട് കർശനമായ നടപടികൾ എടുക്കാൻ സാധിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, പ്രശസ്തിയും നിർമ്മാണത്തിൽ ആത്മാർത്ഥത യുമുള്ള പല കോൺട്രാക്ടർമാരും ലോ കോസ്റ്റിനാണ് വർക്കെടുക്കുന്നത്. കാരണം എസ്റ്റിമേറ്റ് ഇത്രയും ആവശ്യമില്ലെന്ന് അവർ തന്നെ തെളിയിക്കുന്നു. കഴിഞ്ഞ ശബരിമല മണ്ഡലകാലത്തിനുമുമ്പ് അടൂർ മണ്ഡലത്തിൽ പന്തളത്ത് ഒരു പാലം പുതുക്കിപ്പണിയുകയുണ്ടായി. ആ കോൺട്രാക്ടർ 2016 ഫെബ്രുവരി 14-ന് മണ്ഡലകാലത്തിനുമുമ്പുതന്നെ പാലം പുതുക്കി പണിചെയ്ത് തരികയും 74 ലക്ഷം രൂപ തിരിച്ചു തരികയും ചെയ്തു. അദ്ദേഹം ഒരു എം.ബി.എ.-ക്കാരനായ എഞ്ചിനീയറാണ്, അങ്ങനെ പലരും ചെയ്യുന്നുണ്ട്. വർക്ക് ഏറ്റെടുത്തശേഷം അത് ഇഴയ്ക്കുകയെന്നു പറയുന്നത് നിയമ വിരുദ്ധമാണ്. അങ്ങനെ ചെയ്യുന്നതിന്റെ പ്രധാന ഉത്തരവാദിത്വം അവിടെയുള്ള എഞ്ചിനീയർമാരുടെ അറിവില്ലായ്മയും അവരുടെ വളഞ്ഞു കൊടുക്കലുമാണ്. അങ്ങനെചെയ്താൽ അയാൾ പിന്നെ കോൺട്രാക്ടർ ആകുകയില്ല, അപ്പോൾത്തന്നെ അയാളെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുകയാണ്. ഇതൊക്കെ പണ്ടുമുതലേ നടക്കുന്ന ഒരു പരിപാടിയായതുകൊണ്ട് ഒരുപാടുപേരെ

കണ്ടുപിടിക്കാൻ സമയം വേണ്ടി വരുന്നു. തീർച്ചയായും ഇത്തരം കാര്യങ്ങൾക്ക് ശക്തമായ നടപടിയെടുക്കും. അങ്ങനെ ചെയ്യുകയാണെങ്കിൽ അയാൾ തുടർന്ന് കോൺട്രാക്ടർ ആകേണ്ട. അക്കാര്യത്തിൽ വേറെ പരിഹാരമൊന്നുമില്ല.

ശ്രീ. രാജു എബ്രഹാം: സർ, ഒരു കെട്ടിടത്തിന്റെ ഡ്രോയിംഗ് ഈ സർക്കാരിന്റെ കാലത്ത് കൊടുക്കുകയാണെങ്കിൽ അത് ആർക്കിടെക്ച്ചർ വിംഗിൽപ്പോയി, DRIQ Board-ൽ പോയി, തിരികെവരുന്നത് അടുത്ത സർക്കാരിന്റെ കാലത്തായിരിക്കും. വളരെ ഒരു പഴഞ്ചൻ നടപടിയിലൂടെയാണ് ആർക്കിടെക്ച്ചർ വിംഗ് മുന്നോട്ടുപോകുന്നത്. ഒരു കെട്ടിടം നിർമ്മിക്കുകയാണെങ്കിൽ പാർക്കിംഗിനായി യാതൊരു സംവിധാനവുമില്ല. എട്ടും പത്തും നിലകളാണ് വിദേശ രാജ്യങ്ങളിൽ താഴോട്ടുള്ള പാർക്കിംഗ് ഒരുക്കിയിരിക്കുന്നത്. പൊതു പി.ഡബ്ല്യു.ഡി. റോഡാണ് പല കെട്ടിടങ്ങളുടെയും പാർക്കിംഗായി ഉദ്ദേശിക്കുന്നത്. ആർക്കിടെക്ച്ചർ വിംഗ് പൊളിച്ചുപണിയുന്നതിന് അങ്ങ് നേതൃത്വം നൽകുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇപ്പോൾ ഡിസൈനുമായി ബന്ധപ്പെട്ട് എല്ലാപേരും തിരുവനന്തപുരത്ത് വരണം. അതിൽ മാറ്റം വരുത്തിയിട്ട്, എറണാകുളത്തും കോഴിക്കോട്ടും ഓരോ കേന്ദ്രം ആരംഭിക്കുന്നതിന് ക്യാബിനറ്റ് അംഗീകരിച്ചിട്ടുണ്ട്. അതിനുള്ള സ്ഥലസൗകര്യങ്ങൾ നോക്കുകയാണ്, അത്

ആരംഭിക്കുന്നതോടുകൂടി കുറെക്കൂടി വികേന്ദ്രീകരിക്കപ്പെടും. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്, ഇതിനൊക്കെ ഒരു മാറ്റം വരുത്തണം. മാറ്റം വരുത്താനാണ് നമ്മുടെ ഗവൺമെന്റ് പുതിയകാലം പുതിയനിർമ്മാണം എന്നുപറയുന്നത്. ഇതൊക്കെ ഉൾക്കൊള്ളണം. ഇതെല്ലാം നമുക്ക് പരിശോധിക്കേണ്ട കാര്യങ്ങളാണ്. ഇതൊന്നും തീരെ ഉൾക്കൊള്ളാത്തവരെ ചിലപ്പോൾ നിർബന്ധിതമായിട്ടുള്ള പെൻഷൻ കൊടുത്തു വിടേണ്ടി വരും. അത് ചെയ്തിട്ടില്ല, ചെയ്യേണ്ടി വരും. നമ്മൾ അങ്ങനെയൊന്നും ചെയ്യുന്നില്ല. ഒരു പണി ഇല്ലെങ്കിലും ശമ്പളം കൊടുക്കുന്നു, അങ്ങനെ ഇരിക്കാൻ പറ്റുകയില്ല. പി.ഡബ്ല്യു.ഡി. മാന്വലും സർവ്വീസ് ചട്ടമൊക്കെ നോക്കി, അവരെ നിർബന്ധിതമായി അവധിയെടുപ്പിക്കാം. അല്ലെങ്കിൽ അവരെ സർവ്വീസിൽനിന്ന്.... അതൊക്കെ ആലോചിക്കേണ്ടി വരും. അതുമാത്രമേ പറയാനുള്ളൂ. നമ്മൾ ജനങ്ങൾക്കുവേണ്ടിയാണ് നിൽക്കുന്നത്. എല്ലാ ഉദ്യോഗസ്ഥരും അതുപോലെ പ്രവർത്തിച്ചേ പറ്റുകയുള്ളൂ. ഏതുവകുപ്പിലാണെങ്കിലും പ്രവർത്തിക്കാത്ത ഉദ്യോഗസ്ഥർക്ക് സ്ഥാനം ഉണ്ടാകരുത്. പി.ഡബ്ല്യൂ.ഡി.-യുടെ കാര്യം ഞാൻ പറയും. അതാണ് എനിക്ക് പറയാനുള്ളത്. പഴയതുപോലെ ഇനി കേരളത്തിൽ പോകാൻ കഴിയുകയില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പൊതുമരാമത്തു വകുപ്പിൽ

സാധാരണഗതിയിൽ വരേണ്ട ഒരു ബഡ്ജറ്റ് ഹൈക്ക് കഴിഞ്ഞ പ്രാവശ്യവും ഉണ്ടായിരുന്നില്ല, പല പ്രാവശ്യവും അതുണ്ടാകാറില്ല. ഇപ്രാവശ്യം ആ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി കിഫ്ബിയിൽ പണം വച്ചിരിക്കുന്നു എന്നുപറഞ്ഞ് കിഫ്ബിയിൽ കുറെ പ്രഖ്യാപനങ്ങളും വന്നു. കിഫ്ബിയിൽ പ്രഖ്യാപിച്ചത് ഒരിഞ്ചുപോലും നീങ്ങുന്നില്ല. അതിനെക്കുറിച്ച് അന്വേഷിക്കുമ്പോൾ പറയുന്നത് പ്രത്യേകമായിട്ടുള്ള ഡി.പി.ആർ. വേണം, അത് തയ്യാറാക്കേണ്ടത് പി.ഡബ്ല്യൂ.ഡി. -യാണ്, പി.ഡബ്ല്യൂ.ഡി. അനുബന്ധമായ നടപടി നടത്തിയിട്ടില്ല എന്നുള്ള പരാതിയിലാണ് അവസാനിക്കുന്നത്. ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് ഏഴുമാസമേയുള്ളൂ. അങ്ങ് പ്രത്യേകം ശ്രദ്ധകൊടുത്ത് ഇങ്ങനെ പ്രഖ്യാപിച്ചതിനെല്ലാം ഈ ഏഴ് മാസത്തിനുള്ളിൽ നല്ല തുടക്കം കുറിക്കുന്നതിനുള്ള നടപടിയെടുക്കുമോ; അങ്ങ് ഇവിടെ പ്രഖ്യാപിച്ച ചില ജില്ലാ തലസ്ഥാനങ്ങൾ നന്നാക്കുന്നതിൽ 4 ജില്ലകളെക്കുറിച്ച് പറഞ്ഞു. ജില്ലാ തലസ്ഥാനങ്ങളെന്നു പറയുന്നത് ഒരു ജില്ലയുടെ ഫെയ്സ് ആണ്. ആ ഫെയ്സ് ലിസ്റ്റ് ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ജില്ലാ കേന്ദ്രങ്ങൾ എന്നുപറയുമ്പോൾ മിക്കവാറും മുനിസിപ്പാലിറ്റിയോ കോർപ്പറേഷനോ ആയിരിക്കും. അവിടെയെല്ലാം റോഡ് ഫണ്ട്

വികസന പദ്ധതിയിൽപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. നേരത്തെ ആരംഭിച്ചതും ഇപ്പോൾ ഈ ഗവൺമെന്റ് കൊണ്ടുവന്ന പ്രയോറിറ്റിയുമാണ്. കിൻഫ്രയുടെ കാര്യമാണ് പിന്നീട് പറഞ്ഞത്. അതിൽ കുറച്ച് സാങ്കേതിക പ്രശ്നങ്ങളുണ്ട്. പി.ഡബ്ല്യൂ.ഡി.-യാണ് ഡി.പി.ആർ. തയ്യാറാക്കിക്കൊടുക്കേണ്ടത്. അത് ലോഡ് ചെയ്തുകഴിഞ്ഞാൽ ബാക്കിയെല്ലാം അവിടെയാണ്. എഞ്ചിനീയർമാരുടെ കുറവുണ്ടെങ്കിലും നിർമ്മാണം നടത്തുന്നതിന് ഒരു ചീഫ് എഞ്ചിനീയർ, രണ്ട് എസ്.ഇ.-.മാരടക്കം 30 എഞ്ചിനീയർമാരെ റോഡ് ഫണ്ട് ബോർഡിന്റെ കൺട്രോളിൽ വിട്ടുകൊടുത്തിരിക്കുകയാണ്. ഇതെല്ലാം ചെയ്തിട്ടുണ്ട്. അതിന്റെ പ്രശ്നമെന്നുപറയുന്നത് ഇൻവെസ്റ്റിഗേഷൻ നടത്തണം, ടെണ്ടർ ചെയ്യുന്നതിന് പണം വേണം. 2017 മെയ് മാസത്തിൽ മാത്രമാണ് ഇൻവെസ്റ്റിഗേഷന്റെ തുക കൊടുക്കാൻ ഓർഡർ ഇറങ്ങിയത്; അത് ആരും അറിയുന്നില്ല. ഇതുപോലുള്ള ഒരുപാട് സാങ്കേതിക പ്രശ്നങ്ങൾ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പരിഹരിച്ചുപോയാൽ വൻകിട പ്രവർത്തനങ്ങൾക്ക് ഏറ്റവും നല്ലത് കിൻഫ്രയാണെന്ന അഭിപ്രായം എനിക്കുണ്ട്. ചെറുകിട പ്രവർത്തനം പി.ഡബ്ല്യൂ.ഡി. ഭംഗിയായി നടത്തുകയും ചെയ്യും.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, തീരദേശ മേഖലയിലെ ഏറ്റവും വലിയ

പ്രശ്നം ഉപ്പുവെള്ളവും ഉപ്പുകാറ്റുമാണ്. പലപ്പോഴും അടുത്തകാലത്തായി പണിയുന്ന പാലങ്ങളും റോഡുകളും മറ്റു കെട്ടിടങ്ങളുമൊക്കെ ഉപ്പുകാറ്റിനെ അതിജീവിക്കാൻ കഴിയാതെ പോകുന്നുണ്ട്. ഇതിന് പരിഹാരമായി ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക വിദ്യ പ്രയോഗിക്കാൻ കഴിയുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇതിനെല്ലാം പരിഹാരമായ സാങ്കേതിക വിദ്യകളുണ്ട്. നമ്മൾ അതൊന്നും നടപ്പിലാക്കിയിട്ടില്ല. അതെല്ലാം കുറച്ച് modernized ആയിട്ടുള്ളതും ശാസ്ത്രീയമായിട്ടുള്ളതുമാണ്; അതെല്ലാം പരിഗണിക്കാം, പരിശോധിക്കുകയും ചെയ്യാം.

കശുമാവ് കൃഷി വ്യാപനത്തിനായി പദ്ധതികൾ

2. (T *242)+ ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കശുമാവ് കൃഷി വ്യാപനത്തിനായി നിലവിൽ നടന്നുവരുന്നതും പരിഗണനയിലുള്ളതുമായ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് അനുയോജ്യമായ സ്ഥലം ആവശ്യത്തിന് ലഭ്യമല്ല എന്ന്

\+ T – മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കരുതുന്നുണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്തിന് പുറത്ത് സ്ഥലം പാട്ടത്തിന് എടുത്ത് കശുമാവ് കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ, ഏത് സംസ്ഥാനത്ത്, ഏത് സ്ഥലത്ത്, എത്ര ഏക്കർ ഭൂമി എന്നും ആയത് ലഭ്യമായിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ,

(എ) കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്), പൊതുമേഖലയിലും മറ്റും തരിശ്ശായികിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടർ (2 ലക്ഷം തൈകൾ), 'മുറ്റത്തൊരു കശുമാവ്' കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം തൈകൾ) ഇങ്ങനെ ആകെ 8.5 ലക്ഷം കശുമാവിൻ തൈ വിതരണം ചെയ്ത് ഇത്തരത്തിൽ കൃഷി വികസിപ്പിക്കാൻ ആലോചിച്ചിട്ടുണ്ട്.

കേരളത്തിൽ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്നതും

സർക്കാരിന്റെ പരിഗണനയിലാണ്. എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്ന കാര്യം ഇതിനകം തന്നെ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള (എ.പി.കെ.)-യുമായി ചർച്ച നടത്തിയിട്ടുണ്ട്. അവരിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുമായി ചേർന്ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി നിലമൊരുക്കുന്നതിന് സാമ്പത്തിക സഹായവും സൗജന്യമായി കശുമാവ് ചെടിയും അവ പരിപാലിക്കുന്നതിന് സാമ്പത്തിക സഹായവും നൽകി വരുന്നു.

കശുവണ്ടി വികസന കോർപ്പറേഷൻ അവരുടെ വിവിധ ഫാക്ടറികളിലും മറ്റ് തരിശു ഭൂമികളിലും കശുമാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

കൂടാതെ കൃഷി, വനം, പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം, റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വിപുലമായി നടത്തുന്ന കാര്യം പരിഗണനയിലാണ്. കശുവണ്ടി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി, മറ്റ് വ്യവസായ ആവശ്യങ്ങൾക്കായി നീക്കിവച്ച വനഭൂമിയിലും തരിശായി കിടക്കുന്ന സർക്കാർ ഉടമസ്ഥതയിൽ ഉൾപ്പെടെയുള്ള ഭൂമിയിലും കശുമാവ് കൃഷി ചെയ്യാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും, കശുവണ്ടി

വികസന വകുപ്പുമന്ത്രിയും ചേർന്ന് 24.05.2017 തീയതിയിൽ നടന്ന മീറ്റിംഗിൽ വച്ച് 300-ലധികം ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യാൻ സമ്മതിച്ച്; കൃഷി ആരംഭിച്ചിട്ടുണ്ട്. വരുന്ന വർഷം ഏകദേശം 5000 ഹെക്ടറിലാണ് കൃഷി ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) കരുതുന്നുണ്ട്.

(സി & ഡി) സംസ്ഥാനത്തിന് പുറത്ത് സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യാൻ ഉദ്ദേശിച്ചിരുന്നു. അതിന്റെ ഭാഗമായി ആന്ധ്ര സർക്കാരുമായി ബന്ധപ്പെട്ടിരുന്നെങ്കിലും ആന്ധ്ര സർക്കാർ മുന്നോട്ടു വച്ച നിർദ്ദേശം സ്വീകാര്യമല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കൂടിയുള്ളതുകൊണ്ടാണ് ഈ ചോദ്യം ചോദിക്കുന്നത്. കശുമാവ് കൃഷിക്കുവേണ്ടി പല സ്ഥലങ്ങളും കണ്ടെത്തുമെന്ന് പറയുമ്പോൾ, വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ലീസിൽ കേരളാ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ കശുമാവ് കൃഷി ചെയ്തിരുന്നു. ആ കൃഷി ക്രമക്കേടിന്റെ ഭാഗമായി നശിപ്പിക്കപ്പെട്ടു. അതുമുഴുവൻ വെട്ടിമാറ്റി റബ്ബർ വയ്ക്കുന്നതിന് വനംവകുപ്പിന്റെ അനുവാദം ലഭിക്കാതിരിക്കുകയാണ്. ആ സ്ഥലത്ത് വീണ്ടും കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ഹൈബ്രീഡായ കശുമാവിൻ

തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, തീർച്ചയായും വനം-കൃഷി വകുപ്പുമായി ചർച്ച ചെയ്തുകൊണ്ടാണ് കാര്യങ്ങൾ കൊണ്ടുപോകാൻ ആഗ്രഹിക്കുന്നത്. ഇവിടെ പറഞ്ഞ പ്ലാന്റേഷൻ എന്റെ ശ്രദ്ധയിൽ ഇല്ല. അങ്ങ് ശ്രദ്ധയിൽപ്പെടുത്തിയാൽ കൃഷി വകുപ്പുമന്ത്രിയുമായി ആലോചിച്ച് തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ അങ്ങ് പറഞ്ഞ എസ്റ്റേറ്റിൽ ഉൾപ്പെടുന്ന സ്ഥലത്ത് ഹൈബ്രീഡ് കശുമാവിൻ തൈകൾ വയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കശുവണ്ടി വികസന കോർപ്പറേഷൻ വനം വകുപ്പിന്റെയും മറ്റും സ്ഥലത്ത് കൃഷി ചെയ്യുന്നുവെന്ന് പറഞ്ഞു. ലോക പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ കൊടുക്കുന്നതുപോലെ കശുമാവിന്റെ ഒന്നോ രണ്ടോ തൈകൾ കൊടുത്താൽ 5 സെന്റ് സ്ഥലമുള്ളിടത്തും ആളുകൾ അത് പ്ലാന്റ് ചെയ്യും. ഏറ്റവും ഉത്പ്പാദനശേഷിയുള്ള ഹൈബ്രീഡ് തൈകൾ ഉത്പ്പാദിപ്പിക്കാൻ ഏത് ഏജൻസിയെയാണ് വകുപ്പ് തെരഞ്ഞെടുത്തിരിക്കുന്നത്?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഒരു ഏജൻസിയെയല്ല. കേന്ദ്ര ഗവൺമെന്റിന്റെ ഗവേഷണ സ്ഥാപനമായ പുത്തൂർ യൂണിവേഴ്സിറ്റി സെന്ററിൽ നിന്നും

ഓർഡർ കൊടുത്ത് ലക്ഷക്കണക്കിന് തൈകൾ വാങ്ങുന്നുണ്ട്. കാർഷിക ഗവേഷണ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് മാടക്കത്തറയിൽ നിന്നും ആവശ്യമായ തൈകൾ ലഭിക്കുന്നുണ്ട്. കൂടാതെ ആറളം ഫാം തുടങ്ങിയ സ്ഥലങ്ങളിൽ കൃഷി വികസന ഏജൻസിതന്നെ ഉയർന്ന മൂല്യമുള്ള ഗ്രാഫ്റ്റ് തൈകൾ നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. സ്വകാര്യ വ്യക്തികളും കേരളത്തിൽ നല്ല നഴ്സറികൾ നടത്തുന്നുണ്ട്. ടെൻഡർ ചെയ്ത് ക്വാളിറ്റി ഉറപ്പാക്കി അവരുടെ കയ്യിൽ നിന്നും തൈകൾ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കേരളത്തിലെ കശുമാവ് കൃഷി തകരുന്നുവെന്ന് മാത്രമല്ല ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. അതിന് കാരണം റബ്ബറിന്റെ വിലയായിരുന്നു. റബ്ബറിന് നല്ല വില കിട്ടിയപ്പോൾ എല്ലാവരും കശുമാവ് മാറ്റി റബ്ബർ കൃഷിയിലേക്ക് തിരിഞ്ഞുവെന്നതാണ് പ്രധാന കാരണം. ഇന്ന് റബ്ബറിന് വിലയില്ലാതായപ്പോൾ വീണ്ടും കശുമാവിലേക്ക് തിരിച്ചു വരുന്നതിനുള്ള ആലോചന നടത്തിക്കൊണ്ടിരിക്കുയാണ്. കേരളത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മാത്രമാണ് ഇപ്പോൾ കശുമാവ് കൃഷി നിലനിൽക്കുന്നത്. അത് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കൃഷി വകുപ്പും കശുവണ്ടി വികസന കോർപ്പറേഷനും സഹായിക്കുമോ; കാസർഗോഡ് ജില്ലയിൽ നിലവിലുള്ള കശുമാവ്

കൃഷി നിലനിർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. പണ്ട് എല്ലാ വീടുകളിലും കശുമാവുണ്ടായിരുന്നു. ഇപ്പോൾ അത് വെട്ടിക്കളയുകയും റബ്ബറിന്റെ വില വർദ്ധിച്ചതോടുകൂടി റബ്ബറിലേക്ക് മാറുകയും ചെയ്തു. ഇപ്പോൾ റബ്ബർ ആദായകരമല്ലാതായി മാറിയതോടുകൂടി കശുമാവ് വലിയ ഇൻവെസ്റ്റ്മെന്റ് ഇല്ലാതെതന്നെ ആദായം കിട്ടുന്ന പ്ലാന്റേഷനായി മാറിയിട്ടുണ്ട്. അതുകൊണ്ടാണ് എ.പി.കെ. തന്നെ സന്നദ്ധമായി വരുന്നത്. കണ്ണൂർ, കാസർഗോഡ് ജില്ലകളാണ് ഏറ്റവും നല്ലയിനം കശുവണ്ടി ലഭ്യമാകുന്ന പ്രദേശം. കാഷ്യു വികസന ഏജൻസി തന്നെ നമുക്കുണ്ട്, സബ്സിഡി കൊടുക്കുന്നുണ്ട്. വളരെ ആസൂത്രിതമായി കൃഷി വികസിപ്പിക്കുന്നതിനുള്ള നടപടിയാണ് ഡിപ്പാർട്ടുമെന്റ് സ്വീകരിക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കശുവണ്ടി വ്യവസായത്തെ സംബന്ധിച്ച് പറയുമ്പോൾ കശുമാങ്ങയുടെ ജ്യൂസ് വളരെയേറെ ആരോഗ്യപ്രദമാണ്. മണ്ണാർക്കാട് പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാങ്ങ ജ്യൂസ് പാർലർ ഉണ്ട്. അവിടെ നല്ല തിരക്കാണ്. ഞാൻ ആ ജ്യൂസ് കുടിച്ചിട്ടുണ്ട്. ദഹനത്തിനുമെല്ലാം അത് നല്ല എഫക്ടീവാണ്. ഒരു ചെറിയ ഷെഡ്ഡിലാണ് പാർലർ പ്രവർത്തിക്കുന്നത്. കശുവണ്ടിയെപ്പോലെതന്നെ കശുമാങ്ങയിൽനിന്നും വരുമാനം ലഭിക്കുന്ന

സാഹചര്യമാണുള്ളത്. കശുമാങ്ങയിൽ നിന്നും സ്ക്വാഷും ജാമും ഉണ്ടാക്കാൻ കഴിയും. ഈ രീതിയിൽ ഇത് വികസിപ്പിക്കാൻ സർക്കാർ ചിന്തിക്കുന്നുണ്ടോ; എന്തെങ്കിലും പരിശ്രമം നടത്തുന്നുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ഇപ്പോൾ ഇത് നിലവിലുണ്ട്. കാർഷിക സർവ്വകലാശാലതന്നെ ഇതിനാവശ്യമായ ടെക്നോളജി വികസിപ്പിക്കുകയും അതിന്റെ ഉത്പന്നങ്ങൾ ഉത്പ്പാദിപ്പിക്കുകയും ചെയ്യുന്നുണ്ട്. ലാർജ് സ്കെയിലിൽ ചെയ്യുക എന്നതാണ് പ്രശ്നം. കാരണം, കശുമാങ്ങ കളക്ട് ചെയ്യുന്നതിനുള്ള സിസ്റ്റത്തിലുള്ള പ്രശ്നമാണ്. ഗോവയിൽ 'ഫെനി' ഇൻഡസ്ട്രിയലടിസ്ഥാനത്തിൽ ചെയ്യുന്നതാണ്. ഇവിടെ ഇൻഡസ്ട്രിയൽ അടിസ്ഥാനത്തിൽ ചെയ്യുന്നതിന് കശുമാങ്ങ കേടുകൂടാതെ കളക്ട് ചെയ്യുന്നതിനുള്ള സിസ്റ്റമാണ് നമുക്കാവശ്യം. ടെക്നോളജി ഇല്ലാത്തതല്ല. അത് കൃത്യമായി വികസിപ്പിക്കേണ്ടതുണ്ട്. കൃഷി വകുപ്പുമന്ത്രി ഇക്കാര്യത്തെ സംബന്ധിച്ച് അത്യാവശ്യ കാര്യങ്ങൾ പറയും.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. സുനിൽ കുമാർ)</u>: സർ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിൽ ഞങ്ങൾ നടത്തിയ പഠനത്തിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത് ഒരു വർഷം പതിനായിരം മെട്രിക് ടൺ കാഷ്യു ആപ്പിൾ പാഴായിപ്പോകുന്നുവെന്നാണ്. അത് പൂർണ്ണമായും യൂട്ടിലൈസ് ചെയ്യുന്നതിനുള്ള

മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുകയാണ്. കശുമാങ്ങ മാത്രമല്ല ചക്ക ഉൾപ്പെടെയുള്ള കേരളത്തിലെ പഴവർഗ്ഗങ്ങളിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ബൃഹത്തായ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ കശുമാങ്ങയിൽനിന്നും ചക്കയിൽനിന്നും വൈൻ ഉൾപ്പെടെ ഉത്പ്പാദിപ്പിക്കുന്നതിനുവേണ്ടി എക്സൈസ് വകുപ്പുമന്ത്രിയുമായി ചർച്ച കഴിഞ്ഞ ദിവസം നടത്തുകയുണ്ടായി. അതുസംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാലുടനെ നയപരമായ തീരുമാനമെടുത്തുകൊണ്ട് ഈ രംഗത്ത് മുന്നോട്ട് പോകാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കൊല്ലം ജില്ലയിൽ പത്തനാപുരത്തിന്റെ കിഴക്കൻമേഖലയായ കുരിയോട്ടുമലയിൽ ഏക്കർ കണക്കിന് ഭൂമിയുണ്ടായിരുന്നു. അവിടെ അന്ന് കശുമാവിൻ കൃഷി ആരംഭിച്ചിരുന്നെങ്കിലും പൂർണ്ണതയിലെത്തിയില്ല. കേരളത്തിൽ ഏറ്റവും കൂടുതൽ കശുമാവ് കൃഷി ചെയ്യുന്ന ജില്ലകളാണ് കാസർഗോഡും കണ്ണൂരും. അവിടെ ഉത്പ്പാദിപ്പിക്കുന്ന ടൺകണക്കിന് കശുവണ്ടി അന്യ സംസ്ഥാനങ്ങളിലേക്കാണ് പോകുന്നത്. അത് ഇവിടെതന്നെ പ്രോസസ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, കുരിയോട്ടുമല ബഫല്ലോ ബ്രീഡിംഗ്

ഫാമാണ്. അവിടെ കശുമാവ് കൃഷി വികസിപ്പിക്കാൻ കഴിയില്ല. അതിന്റെ വികസനം മൃഗസംരക്ഷണ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. അവിടെ പ്രായോഗികമായി കശുമാവിലേക്ക് പോകാൻ കഴിയില്ല. നമ്മുടെ നാട്ടിൽ ഉത്പ്പാദിപ്പിക്കുന്ന തോട്ടണ്ടി നമുക്ക് ലഭ്യമാകുന്നില്ല എന്നൊരു പ്രശ്നമുണ്ട്. ഈ ഗവൺമെന്റ് വന്നശേഷമാണ് പ്ലാന്റേഷൻ കോർപ്പറേഷൻ കൃത്യമായി കശുവണ്ടി വികസന കോർപ്പറേഷനുതന്നെ തോട്ടണ്ടി തരണമെന്ന് നിർബന്ധിച്ചത്. കഴിഞ്ഞ പ്രാവശ്യം വളരെ വലിയ വെല്ലുവിളി തന്നെയാണ് നേരിട്ടത്. ഈ പ്രാവശ്യം പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്ന് കാഷ്യു വികസന കോർപ്പറേഷൻ തോട്ടണ്ടി എടുക്കുകവഴി അവർക്ക് ലാഭം ഇരട്ടിയാണ് ലഭിക്കുന്നത്. കഴിഞ്ഞ വർഷം രണ്ട് കോടി രൂപയ്ക്ക് വിറ്റ തോട്ടണ്ടി ഈ വർഷം നാല് കോടിരൂപയ്ക്കാണ് വിറ്റത്. എന്നിട്ടും അവിടെ കളക്ട് ചെയ്യാതിരിക്കാൻ ധാരാളം വെല്ലുവിളികൾ നേരിട്ടു. പ്ലാന്റേഷൻ കോർപ്പറേഷൻ കാഷ്യു ആപ്പിൾ സംഭരിക്കുന്നതിനുള്ള നടപടി ഇപ്പോൾതന്നെ തുടങ്ങിയാൽ തോട്ടണ്ടി നമുക്ക് കിട്ടുകയും ചെയ്യും കാഷ്യു ആപ്പിൾ മൂല്യവർദ്ധിത ഉത്പന്നത്തിന് ഉപയോഗിക്കുകയും ചെയ്യാം. കളളക്കടത്ത് നടത്തി നശിപ്പിച്ചുകളയാതെ കാഷ്യു ആപ്പിൾ സംഭരിക്കാനും തോട്ടണ്ടി സംഭരിക്കാനും ഈ വർഷം ഒക്ടോബർ-ഡിസംബറിൽ തന്നെ പ്ലാന്റേഷൻ കോർപ്പറേഷൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ കൃത്യമായ മെക്കാനിസം

ഉണ്ടാകേണ്ടതുണ്ട്. അങ്ങനെ വന്നാൽ കശുമാവ് കൃഷി വളരെ ആദായകരമാകും. തൊഴിലാളികൾക്ക് തോട്ടണ്ടി ലഭ്യമാവുകയും ചെയ്യും. തീർച്ചയായും കൃഷി വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഉടൻതന്നെ നടപടി സ്വീകരിക്കുന്നതാണ്.

അദ്ധ്യാപകർക്ക് പരീക്ഷാ ജോലികൾ

(*243) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) സർവ്വകലാശാലകളിലെയും കോളേജുകളിലെയും അദ്ധ്യാപകർക്ക് പരീക്ഷാ ജോലികൾ നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) യു.ജി.സി. നിയമ പ്രകാരം മൂല്യനിർണ്ണയം ജോലിയുടെ ഭാഗമാണോ എന്നറിയിക്കുമോ; എങ്കിൽ മൂല്യനിർണ്ണയത്തിന് പണം നൽകുന്ന രീതി ശരിയാണോ; വ്യക്തമാക്കുമോ;

(സി) സ്വകാര്യ രജിസ്ട്രേഷൻ വിദ്യാർത്ഥികളുടെയും സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെയും പരീക്ഷാ മൂല്യനിർണ്ണയത്തെ അദ്ധ്യാപകരുടെ നിസ്സഹകരണം ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഉണ്ട്. 21.12.1999 തീയതിയിലെ സ.ഉ. (പി) 171/99/ഉ.വി.വ പ്രകാരം നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) യു.ജി.സി. സ്കീം 1998 പ്രകാരവും 03.01.2001 തീയതിയിലെ സ.ഉ. (പി) നം.5/2001/ഉ.വി.വ പ്രകാരവും റഗുലർ വിദ്യാർത്ഥികളുടെ പരീക്ഷാപേപ്പർ മൂല്യനിർണ്ണയം ജോലിയുടെ ഭാഗമാക്കി ഉത്തരവായിട്ടുണ്ട്. ആയതിന് പ്രത്യേക പ്രതിഫലം നൽകേണ്ടതില്ല.

(സി) ഉണ്ട്. ചില അദ്ധ്യാപകരുടെ നിസ്സഹകരണംമൂലം മൂല്യനിർണ്ണയം വൈകുകയും ആയതിന്റെ ഫലമായി പരീക്ഷാഫലങ്ങൾ വൈകുകയും ചെയ്യുന്നുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, കേരളത്തിലെ യൂണിവേഴ്സിറ്റി പരീക്ഷകൾക്ക് ഒരു ഏകീകൃത കലണ്ടർ അധ്യയന വർഷത്തിൽതന്നെ നടപ്പിലാക്കിയാലേ അനിശ്ചിതമായി പരീക്ഷകൾ നടക്കുന്ന ഇന്നത്തെ അവസ്ഥയ്ക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. അദ്ധ്യാപക സംഘടനകളെക്കൂടി പങ്കെടുപ്പിച്ച് ചർച്ച നടത്തി അത്തരം കലണ്ടർ കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം

നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. സർവ്വകലാശാലകളിലെ ഇത്തവണത്തെ പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് അദ്ധ്യാപകരും ജീവനക്കാരും എല്ലാവരുമായി ചർച്ച ചെയ്ത് നിഗമനത്തിലെത്തിയതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, ചില അദ്ധ്യാപകരുടെ നിസ്സഹകരണംമൂലം മൂല്യനിർണ്ണയം വൈകുകയും അതിന്റെ ഫലമായി പരീക്ഷാഫലങ്ങൾ വൈകുകയും ചെയ്തുവെന്നാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഉത്തരം നൽകിയത്. കണ്ണൂർ സർവ്വകലാശാലയിലെ ആർട്സ് ആന്റ് സയൻസ് വിഭാഗത്തിൽ ബിരുദ/ബിരുദാനന്തര പരീക്ഷകൾ കൃത്യസമയത്ത് നടക്കുന്നതായാണ് മനസ്സിലാക്കാൻ കഴിയുന്നത്. പരീക്ഷാഫലങ്ങൾ വൈകുന്നത് തടയാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ പോകുന്നത്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കഴിഞ്ഞ പരീക്ഷയുടെ വാല്യുവേഷൻ സമയത്ത് ചില അദ്ധ്യാപകർ നിസ്സഹകരിച്ചു. എങ്കിലും അവർ ആവശ്യപ്പെട്ട കാര്യങ്ങൾ പിന്നീട് സർക്കാർ ചെയ്തുകൊടുത്തതുകൊണ്ട് ആ നിസ്സഹകരണത്തിൽ നിന്ന് അദ്ധ്യാപകർ പിന്മാറി. ഇപ്പോൾ അദ്ധ്യാപകരുമായി ചർച്ച ചെയ്ത് ഇത്തവണത്തെ പരീക്ഷാ കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. തുടർന്നുവരുന്ന പരീക്ഷകളിൽ അദ്ധ്യാപകരുടെയും

ജീവനക്കാരുടെയും പൂർണ്ണ സഹകരണമുണ്ടാകും. അതുകൊണ്ട് ഇത്തവണയുണ്ടായതുപോലെ വൈകില്ല. വൈകിയെങ്കിലും ഇത്തവണ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ മുഴുവൻ ഫലങ്ങളും മെയ് 29-ന് തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശ്രീ. മുല്ലക്കര രത്നാകരനുവേണ്ടി (ശ്രീ. ആർ. രാമചന്ദ്രൻ) : സർ, എഞ്ചിനീയറിംഗ് കോഴ്സുകളുടെ പരീക്ഷാ പേപ്പറുകൾ മൂല്യനിർണ്ണയം ചെയ്യുന്നതിന് നിശ്ചിതയോഗ്യതയുള്ള അദ്ധ്യാപകരുടെ പാനൽ തയ്യാറാക്കി ആ പാനലിൽ നിന്ന് അദ്ധ്യാപകരെ നിർദ്ദേശിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും. ഇപ്പോൾ അങ്ങനെ തന്നെയാണ് നടന്നുവരുന്നത്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പേപ്പറുകൾ വാല്യു ചെയ്യുന്നത് സർക്കാർ/എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർ തന്നെയാണ്; തീർച്ചയായും അവർ അതിന് യോഗ്യതയുള്ള വരാണ്. യോഗ്യതയുള്ളവരുടെ പാനൽ തയ്യാറാക്കിത്തന്നെയാണ് എഞ്ചിനീയറിംഗ് കോളേജുകളിലെ പേപ്പർ വാല്യു ചെയ്യുന്നത്.

ശ്രീ. മുഹമ്മദ് മുഹസിൻ പി. : സർ, കേരളത്തിലെ മിക്കവാറും

യൂണിവേഴ്സിറ്റികളിലും കോളേജുകളിലും മൂല്യനിർണ്ണയം വൈകുന്നതു കാരണം റിസൾട്ട് വളരെ വൈകിയാണ് വരാറുള്ളത്. റിസൾട്ട് വരാൻ ഒരു മാസമോ രണ്ടു മാസമോ വൈകുന്നതിനനുസരിച്ച് വിദ്യാർത്ഥികളുടെ ഒരു അക്കാദമിക് വർഷമാണ് നഷ്ടപ്പെടുന്നത്. കേരളത്തിന് പുറത്തുള്ള പല ഹയർ എഡ്യൂക്കേഷണൽ സ്ഥാപനങ്ങളിലേയ്ക്കും അപ്ലൈ ചെയ്യാൻ അവർക്ക് സാധിക്കില്ല. മാത്രമല്ല അടുത്ത വർഷം ഇരട്ടി ആളുകളോട് മത്സരിച്ചാണ് അവർക്ക് അഡ്മിഷൻ നേടേണ്ടത്. ഇത്തരത്തിൽ വാല്യുവേഷൻ വൈകുന്നത് തടയാൻ നിയമനിർമ്മാണം കൊണ്ടുവരാൻ കഴിയുമോ എന്നാണ് എന്റെ ചോദ്യം?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഞാൻ നേരത്തെ സൂചിപ്പിച്ച, മഹാത്മാഗാന്ധി സർവ്വകലാശാലയടക്കം ജൂൺ 1-ന് മുമ്പുതന്നെ റിസൾട്ട് പബ്ലിഷ് ചെയ്തതാണ്. ചെറിയ നിസ്സഹകരണം ഇല്ലായിരുന്നുവെങ്കിൽ അതിനുമുമ്പുതന്നെ റിസൾട്ട് പബ്ലിഷ് ചെയ്യാൻ സാധിക്കുമായിരുന്നു. മറ്റ് സർവ്വകലാശാലകളിലെയും റിസൾട്ടുകൾ നേരത്തെ തന്നെ പബ്ലിഷ് ചെയ്തിട്ടുണ്ട്. അവിടെ ചെറിയ താമസമുണ്ടാകാനുള്ള കാരണം, നേരത്തെ ഇവിടെ ചോദ്യത്തിനുത്തരമായി പറഞ്ഞ ആ നിസ്സഹകരണം മാത്രമാണ്. ആ

നിസ്സഹകരണം ഒഴിവാക്കാനുള്ള എല്ലാ നീക്കങ്ങളും സർക്കാർ നടത്തിയിട്ടുണ്ട്. അവരുടെ ആവശ്യങ്ങൾ പരിഗണിച്ചിട്ടുണ്ട്. ഏൺഡ് ലീവ് സറണ്ടർ ആയിരുന്നു അവരുടെ പ്രധാനപ്പെട്ട ആവശ്യം. അത് അംഗീകരിച്ചുകൊടുത്തിട്ടുണ്ട്. സർവ്വകലാശാല ഈ വർഷം കൃത്യമായി കലണ്ടർ തന്നെ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. അതിന് മോണിറ്ററിംഗുമുള്ളതു കൊണ്ട് എല്ലാ സർവ്വകലാശാലകളിലും ഈ അക്കാദമിക് വർഷം കഴിഞ്ഞ അക്കാദമിക് വർഷത്തേക്കാൾ നേരത്തെ റിസൾട്ട് വരാനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. രാജൻ</u>: സർ, പരീക്ഷയും മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട ചോദ്യമാണെന്നുള്ളതുകൊണ്ട് അതിന് സമാനമായ ഉത്തരങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. പക്ഷെ വിശാലമായ ഒരു അർത്ഥതലം, ഇതുമായി ബന്ധപ്പെട്ട് നമുക്ക് ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കാനുണ്ട്. ശ്രീ. ഇ. കെ. വിജയൻ ഇവിടെ സൂചിപ്പിച്ചതുപോലെ, ചില അദ്ധ്യാപകരുടെ നിസ്സഹകരണംമൂലം മൂല്യനിർണ്ണയം വൈകുകയും ആയതിന്റെ ഫലമായി പരീക്ഷാഫലങ്ങൾ വൈകുകയും ചെയ്യുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി (സി) പിരിവായി നൽകിയ ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്.

അതോടൊപ്പം തന്നെ കേരളത്തിലെ സർവ്വകലാശാലകളിൽ മൂല്യനിർണ്ണയത്തിന് പണം കൊടുക്കുന്നതിന് സി.&എ.ജി. വിമർശിച്ചതുമായി ബന്ധപ്പെട്ട ഒരു പ്രശ്നം നേരത്തെ പത്ര മാധ്യമങ്ങൾ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കേവലം മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ടോ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ടോ ചർച്ച ചെയ്യേണ്ട ഒരു പ്രശ്നമല്ല. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുമെന്ന് അങ്ങ് പത്രമാധ്യമങ്ങളിലൂടെ പറഞ്ഞത് ശ്രദ്ധിക്കാനിടയായി. കേരളത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട് വിപുലമായ പരിപാടികളിലേയ്ക്ക് ഇറക്കിവിടാൻ ശ്രമകരമായ പരിശ്രമം അങ്ങ് നടത്തുകയും ഞങ്ങളെല്ലാവരും അത് ഏറ്റെടുക്കുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ഒരു അക്കാദമിക് മാസ്റ്റർ പ്ലാനും; പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് നമ്മൾ നേരത്തെ സ്കൂളുകളിൽ ഇടപ്പെട്ടതുപോലെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇടപെട്ട് 'പഠനം മുതൽ പരീക്ഷ വരെ' എന്ന ഒരു മുദ്രാവാക്യം ഏറ്റെടുത്തുകൊണ്ട് വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും കോ-ഓർഡിനേറ്റ് ചെയ്യാവുന്ന ഒരു പൊതുപരിപാടിക്ക് നേതൃത്വം നൽകാൻ ഈ ഗവൺമെന്റിന് സാധിക്കുമോ? അതിനെ സംബന്ധിച്ച്

എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രസക്തമായ ഒരു ചോദ്യമാണ് ഇവിടെ ചോദിച്ചത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാഭ്യാസ സംരക്ഷണം കേരളത്തിലെ ജനങ്ങൾ ഏറ്റെടുത്തുകഴിഞ്ഞതാണ്. ഉന്നതവിദ്യാഭ്യാസരംഗത്ത് തുടർച്ചയായി; പരസ്പര പൂരകമായി മാറ്റങ്ങളുണ്ടാക്കാനാണ് വിദ്യാഭ്യാസ വകുപ്പ് പരിപാടികൾ തയ്യാറാക്കിയിട്ടുള്ളത്. അതിന്റെ ഒരു ഭാഗമാണ് ഞാൻ നേരത്തെ പറഞ്ഞത്. ഈ വർഷം പരീക്ഷകൾ കൃത്യസമയത്ത് തന്നെ നടക്കും. റിസൾട്ടും അതാത് സമയം തന്നെ കൃത്യമായും പ്രസിദ്ധീകരിക്കാൻ കഴിയും. അതോടൊപ്പം നേരത്തെ സൂചിപ്പിച്ചതുപോലെ അക്കാദമിക് രംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കേണ്ടതായിട്ടുണ്ട്. ഈ വർഷം എല്ലാ സർക്കാർ കോളേജുകൾക്കും 8.5 കോടി രൂപ വീതം നൽകിയിട്ടുണ്ട്. ചരിത്രത്തിലാദ്യമായാണ് കേരളത്തിലെ എല്ലാ കോളേജുകൾക്കും ഒരു വർഷം 8.5 കോടി രൂപ വീതം നൽകുന്നത്. ഈ പണമുപയോഗിച്ചുകൊണ്ട് അവരോട് കേവലം ഒരു ഇൻഫ്രാസ്ട്രക്ചർ മാസ്റ്റർ പ്ലാനുണ്ടാക്കാനല്ല പറഞ്ഞിട്ടുള്ളത്, മറിച്ച് ഒരു അക്കാദമിക് മാസ്റ്റർ പ്ലാനുണ്ടാക്കാനാണ് പറഞ്ഞിട്ടുള്ളത്. അതുപോലെ

അക്കാദമിക് മാസ്റ്റർ പ്ലാനുണ്ടാക്കണമെന്ന നിർദ്ദേശം എല്ലാ സർവ്വകലാശാലകൾക്കും നൽകിയിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാല അക്കാദമിക് മാസ്റ്റർ പ്ലാനുണ്ടാക്കാനുള്ള ശ്രമമാരംഭിച്ചു. മറ്റ് സർവ്വകലാശാലകളും ഉടൻ തന്നെ അക്കാദമിക് മാസ്റ്റർ പ്ലാനുണ്ടാക്കാനുള്ള ശ്രമം നടത്തും. അതുമാത്രമല്ല, ഈ അക്കാദമിക് മാസ്റ്റർ പ്ലാനുണ്ടാക്കുകയും അതിന്റെ പൂർത്തീകരണത്തിലൂടെ ഒരു കോളേജിലെ ഒരു ഡിപ്പാർട്ട്മെന്റെങ്കിലും അന്താരാഷ്ട്ര നിലവാരമുള്ള സെന്റർ ഓഫ് എക്സലൻസാക്കി മാറ്റാനാണ് വിദ്യാഭ്യാസ വകുപ്പ് ഉദ്ദേശിക്കുന്നത്. അതുപോലെ കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും ചുരുങ്ങിയത് ഒരു വകുപ്പെങ്കിലും അന്താരാഷ്ട്ര തലത്തിലുള്ള സെന്റർ ഓഫ് എക്സലൻസാക്കണമെന്നും; ഇതിന്റെ പരസ്പര പൂരകമായി അന്താരാഷ്ട്ര തലത്തിൽ ഒരു ജേർണൽ ഇന്നുവരെ കേരളത്തിലില്ല. അന്താരാഷ്ട്ര തലത്തിൽ ഇതിന്റെ ഖ്യാതി എത്തുന്നതിനുവേണ്ടി ഒരു ഇന്റർനാഷണൽ ജേർണൽ വരെ കേരളത്തിൽ നിന്നുണ്ടാകണമെന്നാണ് വിദ്യാഭ്യാസ വകുപ്പ് പ്ലാൻ ചെയ്തിട്ടുള്ളത്.

ഡോ. എൻ. ജയരാജ്: സർ, ഒരു അദ്ധ്യാപകൻ എന്ന നിലയിൽ വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസമേഖലയിൽ ഒട്ടേറെ

ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് അങ്ങ് നേതൃത്വം നൽകുന്നുണ്ട്. വാല്യുവേഷന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം, അതിന്റെ അക്കൗണ്ടബിലിറ്റി കുറവാണെന്നുള്ളതാണ്. എക്സ്പെർട്ട് വാല്യുവേഷനകത്ത് ഒരു കുട്ടിക്ക് ആദ്യം കിട്ടിയത് 21 മാർക്ക്, റീ വാല്യുവേഷനിൽ കിട്ടിയത് 70 മാർക്ക്, എക്സ്പെർട്ട് വാല്യുവേഷൻ വന്നപ്പോൾ അത് 22 മാർക്കായി. വാല്യുവേഷനകത്ത് പലപ്പോഴും അക്കൗണ്ടബിലിറ്റി കാണിക്കുന്നില്ല എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. എം.ജി. യൂണിവേഴ്സിറ്റിയിലാണെങ്കിൽ അദ്ധ്യാപകരുടെ പോർട്ടലുണ്ട്. അദ്ധ്യാപകനെടുക്കുന്ന വിഷയമേതാണെന്ന് കൃത്യമായി അറിയാൻ സാധിക്കും. പക്ഷെ ആ അദ്ധ്യാപകൻ പഠിപ്പിക്കാത്ത വിഷയം വാല്യു ചെയ്യണമെന്ന് പറയുമ്പോൾ അത് വാല്യുവേഷന്റെ ക്രെഡിബിലിറ്റിയെ ബാധിക്കുന്നതാണ്. രണ്ടാമത്തെ കാര്യം, റെഗുലർ കുട്ടികളുടെ കാര്യത്തിൽ കുഴപ്പമില്ല. പക്ഷെ നമ്മുടെ നാട്ടിൽ പ്രൈവറ്റായും അതോടൊപ്പം സ്വാശ്രയ കോളേജുകളിലും പഠിക്കുന്ന കുട്ടികളുണ്ട്. ഈ ഉത്തരവിൽപോലും അക്കാര്യത്തിൽ ഒരു വ്യക്തതയില്ല. വലിയൊരു ജോലി ഭാരം അദ്ധ്യാപകരിലേയ്ക്കെത്തുമ്പോൾ വാല്യുവേഷന്റെ ക്വാളിറ്റി തന്നെ കുറയാൻ സാധ്യതയുണ്ട്. ഇക്കാര്യത്തിൽ സമഗ്രമായ ഒരു ചിന്തയുണ്ടായി;

ഇക്കാര്യത്തിൽ നല്ലൊരു അക്കൗണ്ടബിലിറ്റിയുണ്ടാക്കാനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ ചോദ്യം.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും. വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശമാണ്. അക്കാദമിക് മാസ്റ്റർ പ്ലാൻ എന്ന് ഒറ്റ വാക്കിൽ ഞാൻ പറഞ്ഞുവെന്നേയുള്ളൂ, അതിന്റെ ലക്ഷ്യമിതുതന്നെയാണ്. കൃത്യമായ മോണിറ്ററിംഗും എടുക്കുന്ന വിഷയം എങ്ങനെ ഇവാല്യുവേറ്റ് ചെയ്യണം.... അതുപോലെ കണ്ടിന്യുവസ് ഇവാല്യുവേഷൻ, അങ്ങ് പറയാത്ത ഒരു പോയിന്റ് അതാണ്. കണ്ടിന്യുവസ് ഇവാല്യുവേഷനും അതുപോലെ ടെർമിനൽ എക്സാമിനേഷൻ ഇവാല്യുവേഷനും വളരെ ശാസ്ത്രീയമാക്കുന്നതിനും അതിനുവേണ്ട പരിശീലനം കൊടുക്കുന്നതിനും; അത് ഏത് രീതിയിൽ കൂടുതൽ അക്കാദമിക് എക്സലൻസുള്ളതാക്കി മാറ്റാമെന്നുള്ള പ്ലാനിനെയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ എന്നു പറയുന്നത്. തീർച്ചയായും ഇപ്പറയുന്ന അക്കൗണ്ടബിലിറ്റി അതിലുണ്ടാക്കിയെടുക്കും. അതിന്റെ ഭാഗമായി മാത്രമേ ഈ അക്കാദമിക് എക്സലൻസുണ്ടാക്കാൻ കഴിയൂവെന്ന് കൃത്യമായ ബോദ്ധ്യമുണ്ട്. അത് പൂർണ്ണമായും നടപ്പിലാക്കും.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കേരളത്തിലെ ഓട്ടോണമസ്

കോളേജുകളിൽ പലതിലും പുതിയ കോഴ്സുകൾ ഓഫർ ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം പല കോഴ്സുകളും പി.എസ്.സി. അംഗീകരിക്കുന്നില്ല. പലപ്പോഴും രക്ഷിതാക്കളും വിദ്യാർത്ഥികളും ഇതിന്റെ പേരിൽ വലിയ വിഷമം സഹിക്കുകയാണ്. ഇതിനായി എന്തെങ്കിലും മുൻകരുതലെടുക്കാൻ സർക്കാരിനാകുമോ എന്നാണറിയേണ്ടത്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അങ്ങനെ ഒരു പ്രശ്നമുണ്ടെങ്കിൽ പരിശോധിക്കാം. അതിന്റെ സിലബസിലാണോ ഏത് ഇഷ്യുവെന്ന് കൃത്യമായി പറഞ്ഞില്ല. സിലബസിൽ എന്തെങ്കിലും പ്രശ്നമുണ്ടായതുകൊണ്ടോ പി.എസ്.സി. നിരാകരിക്കുന്നത് എന്ന് പരിശോധിച്ച് അത് അംഗീകരിക്കത്തക്ക രീതിയിൽ ആ കോഴ്സിനെ മാറ്റിയെടുക്കാൻ ശ്രമിക്കും. പഠിക്കുന്ന കുട്ടികൾക്ക് ഇത്തരമൊരു പ്രശ്നമുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള പോസിറ്റീവായിട്ടുള്ള ശ്രമം സർക്കാരെടുക്കും.

ശ്രീ. എം. ഉമ്മർ: സർ, ഇപ്പോൾ ഏത് കടലാസ് സംഘടനകളും ഹർത്താൽ പ്രഖ്യാപിച്ചാൽ അന്നേരം പരീക്ഷകൾ മാറ്റിവയ്ക്കുകയാണ്. ഒരു വർഷം തന്നെ പല പരീക്ഷകളും മാറ്റിവയ്ക്കുന്ന ഒരു സ്ഥിതിയുണ്ടായിട്ടുണ്ട്. പാൽ, മരണം, കല്യാണം തുടങ്ങിയവയെ ഒഴിവാക്കിക്കൊണ്ടാണ്

സംഘടനകൾ ഹർത്താൽ പ്രഖ്യാപിക്കുന്നത്. അതുപോലെ പരീക്ഷ മാറ്റിവയ്ക്കില്ല എന്ന ഒരു തീരുമാനമെടുക്കുകയും കുട്ടികൾക്കും രക്ഷിതാക്കന്മാർക്കും തലേദിവസം അതിന് തയ്യാറാകാനുള്ള ഒരു മുന്നറിയിപ്പ് കൊടുക്കുകയും ചെയ്തുകൊണ്ട്......., പരീക്ഷ മാറ്റിവയ്ക്കുകയില്ല എന്നൊരു ധാരണയിലെത്തി മുന്നോട്ടുപോകാൻ ഗവൺമെന്റ് ശ്രമിക്കുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിലെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും എല്ലാവരും ഒന്നിച്ചുചേർന്ന് ഇത്തരമൊരു ആശയം പറയുകയാണെങ്കിൽ നടപ്പിലാക്കാം, ഒരു സംശയവുമില്ല. പക്ഷെ ഹർത്താൽ പ്രഖ്യാപിച്ച് ഏതെങ്കിലുമൊരു കുട്ടിക്കെങ്കിലും പരീക്ഷയെഴുതാൻ സാധിക്കാതായാൽ അത് ആ കുട്ടിയോട് ചെയ്യുന്ന അനീതിയാണെന്നുള്ള ആശയം കൊണ്ടാണ് മാറ്റിവയ്ക്കുന്നത്. എല്ലാവരും ഒത്തുചേർന്ന് പരീക്ഷ തടയില്ലെന്ന് തീരുമാനിക്കുകയാണെങ്കിൽ അങ്ങ് പറഞ്ഞതുപോലെ നടപ്പിലാക്കാൻ കഴിയും. ഇക്കാര്യത്തിൽ ഒരു കൺസൻസാണ് വേണ്ടത്.

ശ്രീ. റ്റി. വി. രാജേഷ് : സർ, വിവിധ കോളേജുകളിൽ നടക്കുന്ന പല കോഴ്സുകളും കാലഹരണപ്പെട്ടതാണ്. അതോടൊപ്പം വേണ്ടത്ര ഗൃഹപാഠം ചെയ്യാതെ

ആരംഭിച്ച പല കോഴ്സുകളും പഠിച്ചിറങ്ങികഴിഞ്ഞാൽ ഉപരിപഠന സാധ്യതയും പി.എസ്.സി.യുടെ അംഗീകാരവും ലഭിക്കുന്നില്ല. കേരളത്തിലെ പല കോളേജുകളിലും relevant അല്ലാത്ത കോഴ്സുകളാണ് നടക്കുന്നത്. ഈ കോഴ്സുകൾ പരിഷ്കരിക്കുന്നതിനും ചില കോഴ്സുകൾ ഒഴിവാക്കാനും ലയിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; അതിനുവേണ്ടി പഠനം നടത്താൻ സർക്കാർ തയ്യാറാകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, കഴിഞ്ഞ ദിവസം സഭയിൽ മറ്റൊരു തരത്തിൽ ഈ ചോദ്യത്തിനുള്ള ഉത്തരം പറഞ്ഞതാണ്. കേരളത്തിൽ ഒരുപാട് കോഴ്സുകൾക്ക് കുട്ടികളില്ലാതെ അവസ്ഥയുണ്ട്. അശാസ്ത്രീയമായി സിലബസുള്ള പല കോഴ്സുകളുമുണ്ട്. ഇത്തരത്തിൽ പ്ലസ്.ടു മുതൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ വരെ നിരവധി കോഴ്സുകൾ പല തരത്തിലും ശരിയല്ലാതെ നിൽക്കുന്നുണ്ട്, കുട്ടികളില്ലാത്ത കോഴ്സുകളുമുണ്ട്. അതുകൊണ്ടുതന്നെ കേരളത്തിലെ എല്ലാ മേഖലയിലുമുള്ള കോഴ്സുകളെ സംബന്ധിച്ച് വളരെ വിശദമായി പഠിച്ച് കോഴ്സുകൾ എങ്ങനെ റീസ്ട്രക്ച്ചർ ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കാനുള്ള ശ്രമത്തെപ്പറ്റി കഴിഞ്ഞ നിയമസഭയിൽ പറഞ്ഞതാണ്. അതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിന് വളരെ വിശദമായ പഠനം ആവശ്യമാണ്. ഇതുമായി

ബന്ധപ്പെട്ടാണ് പല കോഴ്സുകളും പി.എസ്.സി. അംഗീകരിക്കാത്തത്. സിലബസ്സുകൾ പരിഷ്കരിച്ച് കോഴ്സുകൾ ഒരു ദിക്കിൽ നിന്നും മറ്റൊരു കോഴ്സിലേയ്ക്ക് റീ അറേഞ്ച് ചെയ്യണമോ വേണ്ടയോ എന്നുള്ളത് കൃത്യമായി പഠിച്ച് കോഴ്സുകളുടെ രംഗത്ത് റീസ്ട്രക്ച്ചറിംഗ് അടക്കമുള്ള മാസ്റ്റർ പ്ലാൻ ഉണ്ടാക്കാൻ വിദ്യാഭ്യാസ വകുപ്പ് ശ്രമിക്കുകയാണ്.

സബർബൻ ട്രെയിൻ സർവ്വീസ്

(*244) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ഡോ. എം. കെ. മുനീർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയ്ക്ക് എന്ത് തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിക്ക് വേണ്ടിവരുന്ന ചെലവ്, പ്രയോജനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്ന വസ്തുത പരിഗണിച്ച് പദ്ധതി എത്രയും വേഗം നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) സംസ്ഥാനത്ത് തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെ 125.56 കിലോമീറ്റർ ദൂരം ഓട്ടോമാറ്റിക് സിഗ്നലിംഗ് ഏർപ്പെടുത്തിക്കൊണ്ട് റാപ്പിഡ് റെയിൽ ട്രാൻസിസ്റ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്) ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ഇത് സംബന്ധിച്ച ചർച്ചകൾ കേന്ദ്ര സർക്കാരുമായി നടത്തി വരികയുമാണ്.

(ബി) തുടക്കത്തിൽ ഏകദേശം 3,100 കോടി രൂപയാണ് പദ്ധതി ചെലവായി കണക്കാക്കിയിരുന്നത്. എന്നാൽ റെയിൽവേ ഓവർ ബ്രിഡ്ജ്, അണ്ടർ ബ്രിഡ്ജ് തുടങ്ങിയവയുടെ നിർമ്മാണം ഒഴിവാക്കിയതിനു ശേഷമുള്ള പദ്ധതി ചെലവ് ഏകദേശം 1,943.87 കോടി രൂപ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ഒരു കിലോമീറ്റർ ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടിവരുന്നത് 15.48 കോടി രൂപ മാത്രമാണ്. ഭൂമി ഏറ്റെടുക്കൽ തുലോം കുറവാണെന്നുള്ളതും ഈ പദ്ധതിയുടെ സവിശേഷതയും ഗുണവുമാണ്. ഈ പദ്ധതിക്ക് വേണ്ടിവരുന്ന ചെലവ്, പ്രയോജനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്ന വസ്തുത പരിഗണിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം

ചെലുത്തി വരികയാണ്.

ശ്രീ. പി. ബി. അബ്ദുൾ റസ്സാക്കിനുവേണ്ടി ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, സബർബൻ റെയിലുകൊണ്ട് ഉദ്ദേശിക്കുന്നത് economical mode of transport ആണ്. ഹൈവേകളിലെ തെരക്ക് കുറയ്ക്കാനും, അപകടങ്ങൾ ഒഴിവാക്കാനും ഈ പദ്ധതി യാഥാർത്ഥ്യമായാൽ സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി Special Purpose Vehicle (SPV) ഉണ്ടാക്കാൻ തീരുമാനിച്ചിരുന്നു. സംസ്ഥാനവും റെയിൽവേയും തമ്മിലുള്ള ജോയിന്റ് വെഞ്ച്വറാണിതെന്ന് മനസ്സിലാക്കുന്നു. സംസ്ഥാന സർക്കാർ ഇതിനുവേണ്ടി എത്ര പണം വകയിരുത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കാമോ?

ശ്രീ. ജി. സുധാകരൻ : സർ, ഇതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളൊക്കെ ഉണ്ടാക്കും. കേന്ദ്ര ഗവൺമെന്റ് ഇതുവരെ അംഗീകരിച്ചിട്ടില്ല. ഇതിന്റെ ചെലവ് കുറവും പ്രയോജനം കൂടുതലുമാണ്. ഇക്കാര്യങ്ങളെല്ലാം കേന്ദ്ര ഗവൺമെന്റിനോട് പറഞ്ഞിട്ടുണ്ട്. ടോട്ടൽ അടങ്കൽ തീരുമാനിച്ചതിനുശേഷം കേന്ദ്രത്തിന്റെ നിർദ്ദേശം വന്നതിനുശേഷമാണ് അനുപാതം തീരുമാനിക്കുന്നത്. അനുപാതം എത്ര ആയാലും സംസ്ഥാനം അതിന്റെ പങ്ക് വഹിച്ചിരിക്കും.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, സബർബൻ റെയിൽ കോറിഡോർ പോലെ

പ്രതീക്ഷ നൽകുന്ന മറ്റൊരു പദ്ധതിയാണ് ഹൈ സ്പീഡ് റെയിൽ കോറിഡോർ. അത് തിരുവനന്തപുരത്തുനിന്ന് മംഗലാപുരത്തേയ്ക്കുള്ള അതിവേഗ റെയിൽ പാതയാണ്. കാസർഗോഡ് ഒഴിവാക്കി കണ്ണൂർ വരെയുള്ളൂവെന്ന വാർത്ത ഇടയ്ക്കുണ്ടായിരുന്നു. അക്കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കാമോ?

ശ്രീ. ജി. സുധാകരൻ : സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം സബർബൻ ട്രെയിനെപ്പറ്റിയാണ്. അതിവേഗ റെയിൽ പാതയെപ്പറ്റി പരിശോധിച്ചതിനു ശേഷം പിന്നീട് ആലോചിക്കാവുന്നതാണ്.

ഡോ. എം. കെ. മുനീർ : സർ, വിദേശരാജ്യങ്ങളിൽ ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്തുന്നതാണ് സബർബൻ റെയിൽ. കാരണം, റോഡിന് മുകളിലുള്ള പ്രഷർ കുറയ്ക്കുന്നതിന് ഏറ്റവും നല്ലത് സബർബൻ റെയിലുകളാണ്. കേന്ദ്രവുമായി ഡിസ്കഷനിലേയ്ക്ക് പോകുന്ന സാഹചര്യത്തിൽ പ്രിലിമിനറി വർക്കുകളായ ഇതിന്റെ ഡി.പി.ആർ., ഇ.ഐ.ആർ.ആർ., പരിസ്ഥിതി ആഘാത പഠനങ്ങളൊക്കെ നേരത്തെ നടപ്പിലാക്കി കഴിഞ്ഞാൽ കേന്ദ്രം അനുമതി നൽകുമ്പോൾ പെട്ടെന്ന് പണി തുടങ്ങാനുള്ള സാഹചര്യം ഉണ്ടാക്കിക്കൂടെ?

ശ്രീ. ജി. സുധാകരൻ : സർ, അക്കാര്യത്തെ സംബന്ധിച്ച് വിശദമായ ചർച്ച വേണം. റെയിൽവേയുടെയും സെൻട്രൽ ഗവൺമെന്റിന്റെയും പ്രോജക്ടാണിത്.

കേരളം പോലുള്ള സംസ്ഥാനത്ത് ഇത്തരം കാര്യങ്ങൾക്ക് അധികം തുക മുടക്കി ആരംഭിച്ചാൽ നടത്താൻ കഴിയുമോ; അവസാനം കേന്ദ്ര ഗവൺമെന്റ് സമയത്തിന് തന്നില്ലെങ്കിൽ......അങ്ങനെ ഒരുപാട് വിഷയങ്ങളുള്ളതുകൊണ്ട് ചർച്ച ചെയ്തതിനു ശേഷം തീരുമാനിക്കാം. ഇക്കാര്യത്തിൽ ചർച്ച ആവശ്യമാണ്.

ശ്രീ. സി. മമ്മൂട്ടി : സർ, സബർബൻ റെയിലിനെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാമെന്ന് അങ്ങ് പറഞ്ഞു. കേരളം സ്ഥലമെടുത്ത് കൊടുത്താൽ നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ എളുപ്പത്തിൽ വളരെ ചെലവുകുറഞ്ഞ രൂപത്തിൽ നടപ്പാക്കാൻ പറ്റുമെന്ന് ശ്രീ. ഇ. ശ്രീധരന്റെ പ്രസ്താവനയുണ്ടായിരുന്നു. പ്രസ്തുത റെയിൽപ്പാത തുടങ്ങുന്നതിനെക്കുറിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണ്; അക്കാര്യത്തിൽ എന്ത് തീരുമാനമെടുക്കാൻ സാധിക്കുമെന്ന് പറയാൻ കഴിയുമോ?

ശ്രീ. ജി. സുധാകരൻ : സർ, ഈ സഭയിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്ത വിഷയമാണ് നിലമ്പൂർ-നഞ്ചൻകോട് റെയിൽപ്പാത. നിസ്സംശയമായും അവിതർക്കിതമായും ഗവൺമെന്റ് നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ശ്രീ. ഇ. ശ്രീധരന്റെ കയ്യിലല്ല ആരുടെ കയ്യിലും അതിനുള്ള സൂത്രവിദ്യയില്ല. ഗവൺമെന്റ് അതിനുവേണ്ടി നിൽക്കുകയാണ്, ബദൽ മാർഗ്ഗങ്ങൾ തേടാനും

തീരുമാനിച്ചിട്ടുണ്ട്. കടുവ, പുലി തുടങ്ങിയ മൃഗങ്ങളുടെ കാര്യം കളഞ്ഞിട്ട് ബദൽ മാർഗ്ഗങ്ങൾ തീരുമാനിക്കാം. കർണ്ണാടക ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. ചർച്ച നടക്കുകയാണ്, പ്രതീക്ഷയോടെ തന്നെ നീങ്ങുകയാണ്. അങ്ങേയ്ക്ക് ഇക്കാര്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

ശ്രീ. പാറക്കൽ അബ്ദുല്ലയ്ക്കുവേണ്ടി (ശ്രീ. പി. ഉബൈദുള്ള) : സർ, സബർബൻ ട്രെയിൻ തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെ സർവ്വീസ് നടത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിൽ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. മലബാറിൽ നിന്നുള്ള യാത്രക്കാർ വലിയ ദുരിതം അനുഭവിക്കുകയാണ്. മംഗലാപുരത്തുനിന്നും നിലമ്പൂരിൽ നിന്നുള്ള ട്രെയിനുകളിലും ആർ.സി.സി.യിലേയ്ക്ക് ചികിത്സയ്ക്ക് വരുന്ന ക്യാൻസർ രോഗികൾക്കും അവരെ പരിചരിക്കാൻ വരുന്നവർക്കും ടിക്കറ്റ് കിട്ടാതെ പ്രയാസം അനുഭവിക്കുകയാണ്. എം.എൽ.എ.മാർക്കും അവരുടെ പി.എ. മാർക്കുപോലും യഥാർത്ഥത്തിൽ ടിക്കറ്റ് കിട്ടുന്നില്ല. സെക്കന്റ് എ.സി.യിൽ ടിക്കറ്റെടുത്ത എം.എൽ.എ. യും കുടുംബവും കഴിഞ്ഞ ദിവസം സ്ലീപ്പറിൽ യാത്ര ചെയ്യേണ്ടിവന്നു. അത്രയും ദുരിതം മലബാറിലെ യാത്രക്കാർ അനുഭവിക്കുകയാണ്. സെക്കന്റ് എ.സി.ക്ക് ടിക്കറ്റെടുത്തിട്ട് സ്ലീപ്പറിൽ യാത്ര ചെയ്യേണ്ടി വരുമ്പോൾ കൂപ്പണായതുകൊണ്ട് റീഫണ്ട് കിട്ടുന്നില്ല.

അതുകൊണ്ട് വലിയ സാമ്പത്തിക നഷ്ടം എം.എൽ.എ.മാർക്കും സ്റ്റാഫിനും സാധാരണക്കാരായ ആളുകൾക്കും ഇതുവഴി ഉണ്ടാവുകയാണ്. റീഫണ്ട് ചെയ്യാൻ നടപടി സ്വീകരിക്കാൻ മാർഗ്ഗമുണ്ടോയെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാൻ കഴിയുമോ എന്നുള്ളത് അറിയില്ല. സബർബൻ ട്രെയിൻ സർവ്വീസ് മലബാറിലേയ്ക്ക് ദീർഘിപ്പിക്കാനാവശ്യമായ സർവ്വേ നടപടിക്ക് ഇപ്പോൾ തന്നെ ഗവൺമെന്റ് രൂപം നൽകുമോയെന്നാണ് എന്റെ ചോദ്യം?

<u>ശ്രീ. ജി. സുധാകരൻ</u> : സർ, സബർബൻ റെയിൽവേ സാധാരണ റെയിൽവേ പോലെ അങ്ങോട്ട് ദീർഘിപ്പിക്കാൻ പറ്റില്ല. അവിടെ വേറൊരു സബർബൻ റെയിൽവേയാണ് ആലോചിക്കേണ്ടത്. തലശ്ശേരി-മൈസൂർ പാതയ്ക്ക് ടോപ് പ്രയോറിറ്റി കൊടുത്തത് നടക്കാനുള്ള സാധ്യതയിലാണ്. നഞ്ചൻകോടിന്റേത് കർണ്ണാടകം കൂടി അനുവദിച്ച് ബദലുണ്ടായാൽ അതുമാകും. ഇതെല്ലാം നടക്കുന്ന കാര്യമാണ്. ഇവിടെ യാതൊരു തടസ്സവുമില്ല. കർണ്ണാടകത്തിന്റെ നിലപാടിൽ മാറ്റം വരുത്തണം. മലബാറിൽ സബർബൻ റെയിൽവേ സംബന്ധിച്ച പ്രൊപ്പോസലൊന്നും എന്റെ മുന്നിൽ വന്നിട്ടില്ല. റെയിൽവേ ഉദ്യോഗസ്ഥന്മാരും സംവിധാനങ്ങളും കാണിക്കുന്ന കാര്യമാണ് ബുക്കിംഗുമായി ബന്ധപ്പെട്ടിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട് പരാതി തന്നാൽ നമ്മൾ അയയ്ക്കുന്നതാണ്. അത്തരം കാര്യങ്ങളിൽ കർശനമായ

നടപടി അവരെടുക്കും, അത് ഉറപ്പായ കാര്യമാണ്.

മി. സ്പീക്കർ :റെയിൽവേ റിസർവേഷനുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങൾ പലപ്പോഴായി നൽകിയ പരാതി ശ്രദ്ധയിലുണ്ട്. ഇക്കാര്യം റെയിൽവേ അധികൃതരുടെ ശ്രദ്ധയിൽ രണ്ടുമൂന്ന് പ്രാവശ്യം കൊണ്ടുവന്നതാണ്. വീണ്ടും ഗൗരവമായി ശ്രദ്ധയിൽപ്പെടുത്താം. റീ-ഇമ്പേഴ്സ്മെന്റുമായി ബന്ധപ്പെട്ട കാര്യവും ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

ശ്രീ. ഒ. രാജഗോപാൽ : സർ, തിരുവനന്തപുരം-ചെങ്ങന്നൂരുമായി ബന്ധപ്പെട്ട കാര്യത്തെ സംബന്ധിച്ചാണ് അംഗങ്ങൾ ചോദ്യങ്ങൾ ചോദിച്ചിട്ടുള്ളത്. എറണാകുളം ഒറിജിനൽ ഓൾഡ് റെയിൽവേ സ്റ്റേഷൻ കേന്ദ്രമാക്കികൊണ്ട്, എറണാകുളം-തൃശ്ശൂർ, എറണാകുളം-കോട്ടയം എറണാകുളം-ആലപ്പുഴ എന്നീ റൂട്ടുകളിലേയ്ക്ക് സബർബൻ റെയിൽവേ ഓടിക്കുന്നതുമായി ബന്ധപ്പെട്ട മറ്റൊരു പ്രൊപ്പോസലുണ്ടായിരുന്നു. ഇപ്പോൾ അതിന്റെ സ്ഥിതി എന്താണ് ?

ശ്രീ. ജി. സുധാകരൻ : സർ, അക്കാര്യം ചർച്ചാവിഷയമായി നിൽക്കുന്നില്ല. ഇക്കാര്യം പരിശോധിച്ച്.... കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കപ്പെട്ടിട്ടുള്ളതാണെങ്കിൽ സജീവ ചർച്ചാവിഷയമാക്കാം.

കമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി

(*245) ശ്രീ. കെ. മുരളീധരൻ :

ശ്രീ. അടൂർ പ്രകാശ്:

ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻകിട കമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ലക്ഷക്കണക്കിന് ഏക്കർ ഭൂമി ഏറ്റെടുക്കണമെന്ന് രാജമാണിക്യം റിപ്പോർട്ടിൽ ശിപാർശ നൽകിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് തള്ളിക്കളയണമെന്ന് നിയമവകുപ്പ് ശിപാർശ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്;

(സി) ഈ റിപ്പോർട്ട് തള്ളിക്കളയണമെന്ന നിയമവകുപ്പ് ശിപാർശ അംഗീകരിച്ചാൽ, ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കുമെന്ന വാഗ്ദാനം എപ്രകാരമാണ് നടപ്പിലാക്കാൻ കഴിയുകയെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ) ഉണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് സമഗ്രമായ നിയമ നിർമ്മാണം നടത്തുന്നതിനുള്ള കരട് ബിൽ തയ്യാറാക്കുന്നതിന് നിയമ വകുപ്പിൽനിന്നും സ്പെഷ്യൽ സെക്രട്ടറിയായി വിരമിച്ച ശ്രീ. പത്മാകരൻ സി.കെ.യെ ചുമതലപ്പെടുത്തി 22.05.2017-ലെ G.O. (Rt.) 2332/2017/RD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ട് Andhrapradesh Land Grabbing Prohibition Act, Indian Independence Act, Foreign Exchange Regulation Act, Land Reforms Act എന്നിവയുടെ അടിസ്ഥാനത്തിലും അനധികൃത കയ്യേറ്റത്തിലുള്ള ആൾക്കാർക്ക് (Tresspass) എതിരായുള്ള നിയമനടപടി സംബന്ധിച്ച് വിവിധ കോടതികളുടെ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിലും പരിശോധിച്ച് പുതിയ നിയമനിർമ്മാണം നടത്തുന്നതിന് നിയമ വകുപ്പ് ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് സമഗ്രമായ നിയമനിർമ്മാണം നടത്തുന്നതിനുള്ള കരട് ബിൽ തയ്യാറാക്കുന്നതിന് നിയമവകുപ്പിൽ നിന്നും സ്പെഷ്യൽ സെക്രട്ടറിയായി വിരമിച്ച

ശ്രീ. പത്മാകരൻ സി.കെ.-യെ ചുമതലപ്പെടുത്തി 22.05.2017-ലെ G.O. (Rt.) 2332/2017/RD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് 1957-ലെ കേരള ഭൂസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിയോഗിച്ചിട്ടുള്ള സംസ്ഥാനതല സ്പെഷ്യൽ ഓഫീസറുടെ നടപടിക്രമങ്ങൾക്കെതിരെ എച്ച്.എം.എൽ. കമ്പനിയും മറ്റ് കമ്പനികളും ഫയൽ ചെയ്ത വിവിധ റിട്ട് ഹർജികൾ രണ്ടംഗ ഡിവിഷൻ ബഞ്ചിലേയ്ക്ക് റഫർ ചെയ്തുകൊണ്ട് 25.11.2015-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് റഫറൻസ് ഓർഡർ പുറപ്പെടുവിച്ചിട്ടുള്ളതും ഈ വിഷയം നിലവിൽ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലുള്ളതുമാണ്. ആയതിനാൽ ടി കേസുകളിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. കെ. മുരളീധരൻ</u> : സർ, 28.02.2013-ൽ WPC No. 1425/12, 213/13 എന്നീ നമ്പർ കേസ്സുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികളും കമ്പനികളും കൈവശം വച്ചിരിക്കുന്ന

അനധികൃത ഭൂമികൾ ഒഴിപ്പിച്ചെടുക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇപ്പോഴത്തെ സ്ഥിതി എന്താണ്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അതിനാവശ്യമായ നടപടികൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കോടതി വിധിയെ തുടർന്നുള്ള നടപടികളുമായി മുന്നോട്ട് പോവുകയാണ്.

ശ്രീ. കെ. മുരളീധരൻ: സർ, പലപ്പോഴും സ്വകാര്യ കമ്പനികളുടെ കേസ്സിൽ ഗവൺമെന്റ് വക്കീലന്മാർ സമയത്തിന് ഹാജരാകാതിരിക്കുന്നതിന്റെ ഫലമായി പല കേസ്സുകളിലും ഗവൺമെന്റ് തോൽക്കുന്നതാണ് വർഷങ്ങളായി കാണുന്ന സ്ഥിതിവിശേഷം. അത് അവസാനിപ്പിക്കാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അഡ്വക്കേറ്റ് ജനറൽ ഉൾപ്പെടെയുള്ള ആളുകൾക്ക് സർക്കാരുമായി ബന്ധപ്പെട്ട, പ്രത്യേകിച്ച് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ വരുമ്പോൾ അതിന് നിയോഗിക്കപ്പെട്ടിട്ടുള്ള ഗവൺമെന്റ് പ്ലീഡർമാർ ഹാജരാകാൻ വേണ്ടുന്ന നടപടി സ്വീകരിക്കണമെന്നും അക്കാര്യത്തിൽ യാതൊരു വീഴ്ചയും വരുത്തരുതെന്നും പ്രത്യേകം ശ്രദ്ധിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

<u>മി. സ്പീക്കർ</u> : ഓർഡർ..... ഓർഡർ... ചോദ്യോത്തരസമയം കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ശ്രദ്ധക്ഷണിക്കൽ)